കേരള സർക്കാർ

കേരള വനം വന്യജീവി വകുപ്പ്

പൗരാവകാശരേഖ

ആമുഖം

ഭാരതത്തിന്റെ തെക്കുപടിഞ്ഞാറേ അറ്റത്ത് അറബിക്കടലിനും പശ്ചിമഘട്ട മലനിരകൾക്കുമിടയിൽ സ്ഥിതിചെയ്യുന്നതും, ഏകദേശം 600 കിലോ മീറ്റർ നീളവും ശരാശരി 65കി.മീ. വീതിയുമുള്ള ഭൂഭാഗമാണ് കേരളം. 38,863 ചതുരശ്ര കിലോ മീറ്റർ വിസ്തീർണ്ണമുള്ള നമ്മുടെ സംസ്ഥാനം രാജ്യത്തിന്റെ മൊത്തം ഭൂവിസ്തൃതിയുടെ 1.18 ശതമാനം മാത്രമേ ഉള്ളൂവെങ്കിലും, ഭാരതത്തിലെ മൊത്തം ജനസംഖ്യയുടെ 3.1 ശതമാനം ഇവിടെയാണ് വസിക്കുന്നത്. കേരളത്തിലെ മൊത്തം ജനസംഖ്യ 2001-ലെ കണക്കുപ്രകാരം 318 ലക്ഷമായിരുന്നു. ജനസാന്ദ്രതയുടെ ദേശീയ ശരാശരി ചതുരശ്ര കിലോ മീറ്ററിന് 324 ആയിരിക്കെ, കേരളത്തിൽ അത് 819 ആണ്. ആകെ വനവിസ്തൃതി ഏകദേശം 11270 ച.കി.മീ. ആണെങ്കിലും, സർക്കാർ സ്ഥാപനങ്ങൾക്കും നാണ്യവിള കൃഷികൾക്കും മറ്റും പാട്ടത്തിന് നൽകിയ ഭൂമി ഒഴികെ ബാക്കിയുള്ള വനഭൂമി ഏകദേശം 9400 ച.കി.മീ. ആണ്. ഇന്ത്യയിലെ ആളോഹരി വനവിസ്തൃതി 0.056 ഹെക്ടറും കേരളത്തിൽ അത് 0.03 ഹെക്ടറും ആണ്. സഹ്യസാനുക്കളിലെ മഴക്കാടുകൾ ജന്മം നൽകി നിലനിർത്തുന്ന 44 നദികളാണ് കേരളത്തിന്റെ ജീവനാഡികൾ. ഈ നദികളുടെ ഉത്ഭവ മേഖലയിലെ മഴക്കാടുകൾ വേനൽക്കാലത്തും ഈ നദികളിൽ നീരൊഴുക്കുനിലനിർത്തുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നുണ്ട്.

'ഇത്തിരി വനവും ഒത്തിരി ജനങ്ങളും' എന്ന വെല്ലുവിളി നേരിടുന്ന കേരളത്തിൽ ശേഷിക്കുന്ന വനങ്ങളെങ്കിലും സംരക്ഷിച്ച് പരിപാലിക്കേണ്ടതിന്റെ പ്രസക്തിയും ആവശ്യകതയും ഏറെയാണ്. വനങ്ങൾ നൽകുന്ന സേവനം കേവലം പ്രാദേശികമോ സംസ്ഥാനത്തിനുള്ളിൽ ഒതുങ്ങുന്നതോ അല്ല. അന്തരീക്ഷത്തിലെ കാർബൺഡൈയോക്സൈഡ് സ്വീകരിച്ചും പ്രാണവായുവിനെ പുറത്തുവിട്ടും സസ്യസമ്പന്നമായ കാടുകൾ ചെയ്യുന്ന സേവനം വിലമതിക്കാനാകാത്തതാണ്. വികസനത്തിന്റെ പേരിൽ മനുഷ്യൻ ഉൽപാദിപ്പിച്ചുകൂട്ടുന്ന ഹരിതഗൃഹവാതകങ്ങൾ സൃഷ്ടിക്കുന്ന ഓസോൺപാളി ശോഷണവും ആഗോളതാപനവും ഉയർത്തുന്ന ഭീഷണികളെ നേരിടാൻ നിലവിലുള്ള വനങ്ങൾ സംരക്ഷിക്കുന്നതും കഴിയുന്നത്ര മരങ്ങൾ നട്ടുപിടിപ്പിക്കുന്നതുമാണ് ഏറ്റവും പ്രായോഗികമായ പോംവഴികൾ.

ജലക്ഷാമത്തെയും വരൾച്ചയെയും നേരിടുന്നതിന് നാടിന്റെ രക്ഷാകവചങ്ങളായി കാടുകൾ വർത്തിക്കുന്നു. നമ്മുടെ ജലസേചന പദ്ധതികളുടെയും ജലവൈദ്യുത ഊർജ്ജത്തിന്റെയും നെടുംതൂണുകളായ അണക്കെട്ടുകൾ എല്ലാംതന്നെ കേരളത്തിലെ കാടുകൾ കനിഞ്ഞുനൽകുന്ന ജലസമൃദ്ധിയിലാണ് നിലനിന്നുപോരുന്നത്.

നാടിനാകെ കൃഷിസമൃദ്ധിയും കുടിവെള്ളവും വൈദ്യുതിയും ലഭിക്കുന്നതിനുപിന്നിലെ സ്രോതസ്സായി നിൽക്കുമ്പോൾ തന്നെ വനാശ്രിത സമൂഹങ്ങൾക്ക് പ്രത്യേകിച്ചും പട്ടികവർഗ്ഗക്കാർക്ക്, മെച്ചപ്പെട്ട ജീവിതസാഹചര്യങ്ങളും ഒരുക്കുന്നതിന് വനംവകുപ്പ് പ്രതിജ്ഞാബദ്ധമാണ്. വനമേഖലകളെ സംരക്ഷിക്കുവാനുള്ള ദേശീയ വനവത്ക്കരണ പരിപാടി സംസ്ഥാനത്തെ 27 വനവികാസ ഏജൻസികൾക്കുകീഴിലുള്ള 374 വനസംരക്ഷണ സമിതികളും ഇക്കോഡവലപ്പ്മെന്റ് കമ്മിറ്റികളും വഴി നടപ്പാക്കി വരുകയാണ്. സംയോജിത വന വികസനവും ഗ്രാമീണ തൊഴിലവസര സാദ്ധ്യതയും ലക്ഷ്യമിടുന്ന ഈ പരിപാടി പ്രാദേശിക വാസികൾ തയ്യാറാക്കുന്ന സൂക്ഷ്മാസൂത്രണ രേഖയുടെ അടിസ്ഥാനത്തിലാണ് രൂപപ്പെടുത്തിയിട്ടുള്ളത്. ദേശീയ വനവത്ക്കരണ പദ്ധതി അനുസരിച്ച് ഇതേവരെ 6 ലക്ഷത്തിലധികം തൊഴിൽദിനങ്ങൾ സൃഷ്ടിക്കാനായിട്ടുണ്ട്. ഫലപ്രദമായ വനസംരക്ഷണം സാദ്ധ്യമാക്കുന്ന പങ്കാളിത്ത വനപരിപാലനം വനേതര മേഖലകളിലും നടപ്പാക്കി വരുന്നുണ്ട്.

നമ്മുടെ നാടിന്റെ മുഖ്യവരുമാന സ്രോതസ്സുകളിൽ ഒന്നായിമാറിവരുന്ന വിനോദസഞ്ചാര രംഗത്തും വനങ്ങളുടെ പങ്ക് അതുല്യമാണ്. പരിസ്ഥിതിക്ക് ക്ഷതമേൽക്കാതെയും, വനാശ്രിതർക്ക് ഗുണകരമാകുംവിധവും നടപ്പിലാക്കാൻ സർക്കാർ ലക്ഷ്യമിട്ട 56 ഇക്കോടൂറിസം പദ്ധതികളിൽ 37 എണ്ണത്തിന് തുടക്കമായി. ബാക്കിയുള്ളവ 2008-09 സാമ്പത്തിക വർഷംതന്നെ ആരംഭിക്കുന്നതിനുള്ള തയ്യാറെടുപ്പിലാണ്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി 2008 മുതൽ സംസ്ഥാനത്തെ മുഴുവൻ വനമേഖലയിലും നടപ്പാക്കുന്നുണ്ട്. കേന്ദ്ര സർക്കാർ 2006-ൽ പാസ്സാക്കിയ പട്ടികവർഗ്ഗക്കാരും മറ്റ് പരമ്പരാഗത വനവാസികളും (വനാവകാശങ്ങൾ അംഗീകരിക്കൽ) നിയമം എത്രയും പെട്ടെന്ന് നടപ്പിലാക്കുന്നതിനും വനം വകുപ്പ് പ്രതിജ്ഞാബദ്ധമാണ്. വനമേഖലയിലെ തൊഴിലില്ലായ്മ ഗണ്യമായി പരിഹരിക്കുന്നതിനും വനാശ്രിത സമൂഹത്തിന്റെ ശാക്തീകരണത്തിനുമായുള്ള ഒരു ബൃഹദ് സംരംഭത്തിലാണ് വനം വകുപ്പ് ഏർപ്പെട്ടിട്ടുള്ളത്. ഇതോടൊപ്പം വനേതര പ്രദേശങ്ങളിലേക്കും വകുപ്പിന്റെ പ്രവർത്തനം വ്യാപിപ്പിച്ചിട്ടുണ്ട്. 25 ലക്ഷം സ്കൂൾ വിദ്യാർത്ഥികൾ നെടുന്തൂണായ **'എന്റെ മരം'** പദ്ധതിയും, കോളേജ് വിദ്യാർത്ഥികൾ മുഖേന നടപ്പിലാക്കുന്ന **'നമ്മുടെമരം'** പദ്ധതിയും ചുമട്ടുതൊഴിലാളികൾ അണിനിരന്ന **'വഴിയോരതണൽ'** പദ്ധതിയും, കണ്ടൽ - കാവ് സംരക്ഷണ പരിപാടികളും, കടലോര

ഹരിതവത്ക്കരണത്തിനും, സുനാമി പോലുള്ള പ്രകൃതി ദുരന്തങ്ങൾക്കെതിരെ ജൈവകവചം സൃഷ്ടിക്കുന്നതിനും ഉദ്ദേശിച്ച് നടപ്പാക്കി വരുന്ന **'ഹരിതതീരം'** പദ്ധതിയുമെല്ലാം ഈ മാറ്റത്തിന്റെ സൂചകങ്ങളാണ്. കേവലമായ പ്രാദേശിക വനസംരക്ഷണ - ജനക്ഷേമ പ്രവർത്തനങ്ങളിൽ നിന്നും എത്രയോ ഉയർന്ന് നിൽക്കുന്ന അന്തർദേശീയ പരിസ്ഥിതി സംരക്ഷണ മാനങ്ങൾ വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് ലഭിച്ചുകഴിഞ്ഞു എന്നതിന്റെ ഉദാഹരണമാണ് 'ആഗോളതാപനം, മരമാണ് മറുപടി' എന്ന മുഖവാക്യവുമായി കേരള വനം വകുപ്പ് ഏറ്റെടുത്ത് നടപ്പാക്കിവരുന്ന വിവിധ പദ്ധതികൾ.

ദർശനം

ജൈവ വൈവിദ്ധ്യം, പരിസ്ഥിതി, ജലം, മണ്ണ് എന്നിവയുടെ സംരക്ഷണത്തിലൂടെ ആരോഗ്യകരമായ ജീവിത സാഹചര്യം നിലനിർത്താനും മെച്ചപ്പെടുത്താനുമായി ശാസ്ത്രീയവും സുതാര്യവും ഉത്തരവാദിത്വപൂർണ്ണവുമായ രീതിയിൽ പ്രവർത്തിച്ച് അതുവഴി വനവാസികൾ, സ്ത്രീകൾ, ദുർബല വിഭാഗങ്ങൾ എന്നിവരെ ശാക്തീകരിക്കുക എന്നതാണ് സംസ്ഥാന വനം വകുപ്പിന്റെ ദർശനം.

ദൗത്യം

<u>വനം വകുപ്പിന്റെ ദൗത്യം ചുവടെ ചേർക്കുന്നു.</u>

1. വൃഷ്ടി പ്രദേശങ്ങളുടെ വനാവരണവും വൃക്ഷാവരണവും മെച്ചപ്പെടുത്തി അണക്കെട്ടുകളിലേക്കുള്ള ജലപ്രവാഹം സമൃദ്ധമാക്കുക.
2. വനത്തിനകത്തും, അരികിലും താമസിക്കുന്ന ആദിവാസികളുടെയും സ്ത്രീകളുടെയും മറ്റ് ദുർബല വിഭാഗങ്ങളുടെയും സമഗ്ര ക്ഷേമം ഉറപ്പുവരുത്തി സംസ്ഥാനത്തെ മറ്റ് ജനവിഭാഗങ്ങളുടെ സാമൂഹ്യ സാമ്പത്തിക നിലവാരത്തിലേക്ക് അവരെ ഉയർത്തികൊണ്ടുവരത്തക്കരീതിയിൽ വനങ്ങൾ പരിപാലിക്കുക.
3. വനങ്ങൾ പൊതുവായും, വനത്തോട്ടങ്ങൾ പ്രത്യേകിച്ചും അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തി അവയുടെ ഉല്പാദന - വിഭവശേഷി വർദ്ധിപ്പിക്കുക.
4. ജൈവവൈവിദ്ധ്യസംരക്ഷണം, വിഭവ ഉല്പാദനം എന്നീ കാര്യങ്ങളിൽ കേരളത്തെ ഉന്നത നിലവാരത്തിൽ എത്തിക്കുക.
5. സാമൂഹ്യ-സാംസ്കാരികമൂല്യങ്ങൾസംരക്ഷിക്കുന്നതിനും സമ്പന്നമാക്കുന്നതിനും ഉതകുന്നതരത്തിൽ വനങ്ങൾ പരിപാലിക്കുക.
6. ആദിവാസി സമൂഹങ്ങളുടെ തനതു സംസ്കാരം നിലനിർത്തുകയും പരിപോഷിപ്പിക്കുകയും ചെയ്യുക.

7. പരമ്പരാഗത വനമേഖലകളുടെ മൂല്യശോഷണം തടയുകയും അനുയോജ്യമായ പ്രവൃത്തികളിലൂടെ ഗതകാല മൂല്യം പുനരാർജ്ജിക്കുകയും ചെയ്യുക.

8. കണ്ടൽവനങ്ങൾ, കാവുകൾ തുടങ്ങി അതീവ പ്രാധാന്യമുള്ള ഇക്കോവ്യൂഹങ്ങളുടെ സംരക്ഷണവും വ്യാപനവും നടത്തുക.

9. തണ്ണീർത്തടങ്ങളുടെയും ജലസ്രോതസ്സുകളുടെയും സംരക്ഷണവും പരിപാലനവും വഴി നീരുറവ വർദ്ധിപ്പിക്കുന്നതിനും ഭൂമിയുടെ ജല സ്വാംശീകരണ ശേഷി കൂട്ടുന്നതിനുമുള്ള അടിസ്ഥാന പ്രവർത്തനങ്ങൾ നടത്തുക.

10. വന്യജീവികളുടെ ആവാസ കേന്ദ്രങ്ങൾ സംരക്ഷിക്കുകയുംപരിപാലിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുക.

11. ആഗോള താപനത്തിന്റെ ദൂഷ്യ ഫലങ്ങൾ പരമാവധി കുറയ്ക്കുന്നതിനായി വനേതര ഭൂമികളിലും വനത്തിനു പുറത്ത് ലഭ്യമായ മറ്റ് അനുയോജ്യ പ്രദേശങ്ങളിലും പരമാവധി മരങ്ങൾ വച്ചുപിടിപ്പിക്കുക.

12. ദേശാടന പക്ഷികളെയും അവയുടെ ആവാസ സ്ഥലങ്ങളെയുംസംരക്ഷിക്കുക.

13. പരിസ്ഥിതി സൗഹൃദ വിനോദ സഞ്ചാര പദ്ധതികളും ബോധവത്ക്കരണ പരിപാടികളും മുഖേന ജനങ്ങളിൽ പരിസ്ഥിതി സംരക്ഷണ അവബോധം സൃഷ്ടിക്കുക.

ഉത്തരവാദിത്വങ്ങളും കടമകളും

ഇന്ത്യൻ ഭരണഘടനയിലെ അനുഛേദം 48 എ പ്രകാരമുള്ള നിർദ്ദേശക തത്വങ്ങളനുസരിച്ച് രാജ്യത്തിന്റെവനങ്ങളും വന്യജീവിസമ്പത്തും സംരക്ഷിക്കുന്നതും പരിസ്ഥിതി സംരക്ഷിച്ച് പരിപാലിക്കുന്നതും സംസ്ഥാനത്തിന്റെ ചുമതലയാണെന്ന് അനുശാസിക്കുന്നുണ്ട്. കൂടാതെ അനുഛേദം 51 എ (ജി) പ്രകാരം, വനങ്ങളും, വന്യജീവികളും, പുഴകളും തടാകങ്ങളും ഉൾപ്പെടുന്ന നമ്മുടെ സ്വാഭാവിക പരിസ്ഥിതി സംരക്ഷിക്കുകയും മെച്ചപ്പെടുത്തുകയും എല്ലാ ജീവജാലങ്ങളോടും അനുകമ്പ പുലർത്തുകയും ചെയ്യേണ്ടത് ഓരോ പൗരന്റെയും മൗലികമായ കർത്തവ്യമാണ്.

ഭരണഘടന വിഭാവനം ചെയ്യുന്ന ഈ കടമ നിറവേറ്റുന്നതിനായി ഓരോ പൗരനിൽ നിന്നും പ്രതീക്ഷിക്കുന്നത്-

- പ്രകൃതിയെയും പ്രകൃതി വിഭവങ്ങളെയും സംരക്ഷിക്കുന്നതിന് നിലവിലുള്ള നിയമങ്ങളെ ആദരിക്കുകയും അതിന് അനുഗുണമായി പ്രവർത്തിക്കുകയും ചെയ്യുക.
- പ്രകൃതി വിഭവസംരക്ഷണ താൽപര്യം ഉൾക്കൊള്ളുകയും പ്രകൃതി നിയമങ്ങളെ മാനിക്കുകയും ചെയ്യുക.
- വനംവകുപ്പുമായി വിവരങ്ങൾ പങ്കുവയ്ക്കുകയും പ്രകൃതി സംരക്ഷണത്തിന്റെയും സുസ്ഥിര വികസനത്തിന്റെയും സന്ദേശം വ്യാപിപ്പിക്കാൻ വനം വകുപ്പിനെ സഹായിക്കുകയും ചെയ്യുക.
- വനംവകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് നിർദ്ദേശങ്ങളും അഭിപ്രായങ്ങളും നൽകുക വഴി പൗരന്റെ ഉത്തരവാദിത്വവും കടമകളും നിറവേറ്റുക.

വിവരാവകാശം

വിവരാവകാശ നിയമം അനുശാസിക്കുന്ന തരത്തിൽ വനംവകുപ്പ് സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർമാരുടെയും, അസ്സിസ്റ്റന്റ് സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർമാരുടെയും അപ്പലേറ്റ് അതോറിറ്റികളുടെയും പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഇതനുസരിച്ച് ഫോറസ്റ്റ് റെയിഞ്ചുകളുടെ ചാർജ്ജ് വഹിക്കുന്ന എല്ലാ ഫോറസ്റ്റ് റെയിഞ്ചാഫീസർമാരും, അസ്സിസ്റ്റന്റ് സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർമാരാണ്. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർമാരും, ബന്ധപ്പെട്ട കൺസർവേറ്റർമാർ അപ്പലേറ്റ് അതോറിറ്റികളും ആണ്. ഇതുപോലുള്ള ക്രമീകരണം വനംവകുപ്പ് ആസ്ഥാനത്തും നടത്തിയിട്ടുണ്ട്.

വിശദമായ പട്ടികയ്ക്ക്
www.forest.kerala.gov.in
എന്ന വെബ്സൈറ്റ് കാണുക.

വനം - വന്യജീവി സംരക്ഷണത്തിനായി പ്രാബല്യത്തിലുള്ള
പ്രധാന നിയമങ്ങളും ചട്ടങ്ങളും.

1. കേരള വനനിയമം (Kerala Forest Act, 1961)

2. കേരള വനവിഭവ കടത്തു ചട്ടങ്ങൾ
(The Kerala Forest Produce Transit Rules,1975)

3. കേരള വന (സർക്കാരിന്റെ ഉടമസ്ഥതയിലുള്ളതും സ്വകാര്യ വ്യക്തികളുടെ കൈവശഭൂമിയിൽ വളരുന്നതുമായ വൃക്ഷങ്ങളുടെയും തടിയുടെയും സംരക്ഷണവും പുനരുല്പാദനവും കൈയൊഴിക്കലും) ചട്ടങ്ങൾ
{The Kerala Forest (Preservation, Reproduction and Disposal of Trees and Timber Belonging to Government but Grown on Lands in the Occupation of Private Persons) Rules, 1975}

4. കേരള വനവികസന ഫണ്ട് ചട്ടങ്ങൾ (The Kerala Forest Development Fund Rules, 1989)

5. കേരളവന (താൽക്കാലികമായോ സ്ഥിരമായോ പതിച്ചുകൊടുത്ത ഭൂമിയിൽ നിൽക്കുന്ന മരങ്ങൾ മുറിക്കുന്നതിന് നിരോധനം) ചട്ടങ്ങൾ
{TheKerla Forest (Prohibition of felling of trees standing on land temporarily or permanently assigned) Rules, 1995}

6. കേരള സ്വകാര്യവനം (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) നിയമം {Kerala Private Forests (Vesting and Assignment) Act , 1971.}

7. കേരള സ്വകാര്യ വനം (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ചട്ടങ്ങൾ. {Kerala Private Forests (Vesting and Assignment) Rules. 1974}

8 കേരള നിക്ഷിപ്ത വനം (സംരക്ഷിത സ്ഥലങ്ങളുടെ ഭരണ ചട്ടങ്ങൾ

{ The Kerala Vested Forests (Management of Reserved Areas) Rules 1980}

9. കേരള വനവിഭവ (വില്പനവില നിർണ്ണയ) നിയമം
{ The Kerala Forest Produce (Fixation of Selling Price) Act, 1978 }

10. കേരള വനവിഭവ (വില്പന വിലനിർണ്ണയ) ചട്ടങ്ങൾ
{ The Kerala Forests Produce (Fixation of Selling Price) Rules, 1978}

11 കേരള വനസമ്പത്ത് വികസന ഫണ്ട് ചട്ടങ്ങൾ (The Kerala Forests Resources Development Fund Rules, 1989)

12. കേരള വൃക്ഷസംരക്ഷണ നിയമം
(The Kerala Preservation of Trees Act,1986)

13. വന (സംരക്ഷണ) നിയമം{ The Forest (Conservation) Act, 1980}

14. വന (സംരക്ഷണ) ചട്ടങ്ങൾ { The Forest (Conservation) Rules , 2003}

15. കേരള ഗ്രാന്റുകളും ലീസുകളും(അവകാശങ്ങൾ പരിഷ്ക്കരിക്കൽ) നിയമം
{The Kerala Grants and Leases (Modification of Rights) Act,1980}

16 കേരള ഗ്രാന്റുകളും ലീസുകളും(അവകാശങ്ങൾ പരിഷ്ക്കരിക്കൽ) ചട്ടങ്ങൾ, 1990
{The Kerala Grants and Leases (Modification of Rights), Rules, 1990}

17. പരിസ്ഥിതി (സംരക്ഷണ) നിയമം
{The Environment (Protection) Act, 1986 }

18. പരിസ്ഥിതി (സംരക്ഷണ) ചട്ടങ്ങൾ
{The Environment (Protection) Rules,1986 }

19. കേരളവന (പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും, കാര്യകർതൃത്വം നടത്തിപ്പും) നിയമം
{ The Kerala Forest (Vesting and Management of Ecologically Fragile Lands) Act, 2003}

20. കേരളവന (പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും, കാര്യകർതൃത്വംനടത്തിപ്പും) ചട്ടങ്ങൾ
{ The Kerala Forest (Vesting and Management of Ecologically Fragile Lands) Rules, 2008.}

21. കേരള (വനേതര പ്രദേശങ്ങളിൽ വൃക്ഷം വളർത്തൽ പ്രോത്സാഹന) നിയമം
{The Kerala (Promotion of Tree Growth in Non Forest Land Areas) Act, 2005}

22. കേരള (വനേതര പ്രദേശങ്ങളിൽ വൃക്ഷം വളർത്തൽ പ്രോത്സാഹന) ചട്ടങ്ങൾ{The Kerala (Promotion of Tree Growth in Non Forest Land Areas) Rules, 2006}

23. വന്യജീവി (സംരക്ഷണം) നിയമം
{ The Wildlife (Protection)Act, (1972)}

24. വന്യജീവി (സംരക്ഷണം) ചട്ടങ്ങൾ
{ The Kerala Wildlife (Protection) Rules, (1978)}

25. കേരള വന്യമൃഗങ്ങളുടെ ആക്രമണത്തിന് ഇരയാകുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള ചട്ടങ്ങൾ (The Kerala Rules for Payment of Compensation To Victims Of Attack By Wild Animals, 1980)

26. കേരള നാട്ടാന (പരിപാലനവും പരിചരണവും) ചട്ടങ്ങൾ {The Kerala Captive Elephants (Management and Maintenance) Rules, 2003}

27. കേരള വന്യജീവി (സംരക്ഷണം) ചട്ടങ്ങൾ. {The Wildlife (Protection) Rules, 1995}

28. ആദിവാസികളും മറ്റു പരമ്പരാഗത വനവാസികളും (വനാവകാശങ്ങൾ അംഗീകരിക്കൽ) നിയമം {The Scheduled Tribes and Other Traditional Forest Dwellers (Recognition of Forest Rights) Act, 2006}

29. ആദിവാസികളും മറ്റു പരമ്പരാഗത വനവാസികളും (വനാവകാശങ്ങൾ അംഗീകരിക്കൽ) ചട്ടങ്ങൾ {The Scheduled Tribes and Other Traditional Forest Dwellers (Recognition of Forest Rights) Rules, 2007}

വനംവകുപ്പ് നൽകുന്ന സേവനങ്ങൾ

ക്രമ നമ്പർ	സേവനങ്ങൾ	ബന്ധപ്പെടേണ്ട ഓഫീസ്	അപേക്ഷാ ഫീസ്	ചെലവ്
1.	സെറ്റിൽമെന്റിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് ഭവന നിർമ്മാണത്തിന് 1 ½ ഘന മീറ്റർ തടി..	ഫോറസ്റ്റ് റെയിഞ്ചാഫീസ്	ഇല്ല	സീനിയറേജ് നിരക്കിന്റെ 25%.+ നികുതികൾ
2.	തടിയേതര വനവിഭവശേഖരണ ത്തിന് പട്ടിക വർഗ്ഗസഹകരണ സംഘങ്ങൾക്കുള്ള പാസ്സ്	ഫോറസ്റ്റ് റെയിഞ്ചാഫീസ്	ഇല്ല	ഇല്ല
3.	പട്ടിക ജാതി, പട്ടികവർഗ്ഗ പരമ്പരാഗത കരകൗശല തൊഴിലാളികൾക്കു ള്ള മുള -ഈറ്റ ശേഖരണത്തിനുള്ള	ഫോറസ്റ്റ് റെയിഞ്ചാഫീസ്	ഇല്ല	സീനിയറേജ് നിരക്കിന്റെ 50%.+ നികുതികൾ

	പാസ്സ്			
4.	വൃക്ഷംവളർത്തൽ പ്രോത്സാഹന നിയമപ്രകാരം സ്വകാര്യ സ്ഥലങ്ങളിലെ മരം മുറിക്കുന്നതിനുള്ള അനുവാദം	ഫോറസ്റ്റ് റെയിഞ്ചാഫീസ്	ഒരു രൂപ കോർട്ട് ഫീ സ്റ്റാമ്പ്	ഇല്ല
5.	സ്വകാര്യഭൂമിയിൽ നിന്ന് തടികൊണ്ടു പോകുന്നതിനുള്ള അനുവാദം	ഫോറസ്റ്റ് റെയിഞ്ചാഫീസ്	ഒരു രൂപ കോർട്ട് ഫീ സ്റ്റാമ്പ്	ഇല്ല
6.	കൺവീനർമാരുടെ പാനലിൽ തൊഴിലാളികളെ ചേർക്കാൻ	ഫോറസ്റ്റ് റെയിഞ്ചാഫീസ്/ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്	5 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ്	ഇല്ല
7.	വനാതിർത്തിക്കുള്ളിലെ അംഗീകൃത കടവുകളിൽ നിന്ന് മണൽ ശേഖരണം.	ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്	5 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ്	വിലയും, നികുതികളും
8.	അഗസ്ത്യാർകൂടം സന്ദർശനം	തിരുവനന്തപുരം വൈൽഡ് ലൈഫ് വാർഡന്റെ ഓഫീസ്.	ഇല്ല	200 രൂപ (പ്രവേശനത്തിനു മാത്രം)
9.	വനപ്രദേശങ്ങളിലെ ശാസ്ത്ര/ വിദ്യാഭ്യാസ സിനിമാ നിർമ്മാണം	ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്	ഇല്ല	സെക്യൂരിറ്റി 10000 രൂപ + ഒരു ദിവസത്തേയ്ക്ക് 10000 രൂപ വാടക
10.	വന്യജീവി സങ്കേതങ്ങളിലെ വാണിജ്യ സിനിമാ നിർമ്മാണം.	ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ ഓഫീസ്.	ഇല്ല	സെക്യൂരിറ്റി (10,000 രൂപ.)+ ഒരുദിവസത്തേയ്ക്ക് 10000 രൂപ വാടക
11.	വന്യജീവി ആക്രമണത്തിനുള്ള നഷ്ടപരിഹാരം	ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്	ഇല്ല	ഇല്ല
12.	തടി മില്ലിനും, മരാധിഷ്ഠിത വ്യവസായത്തിനുമുള്ള എൻ.ഒ.സി. (നിരാക്ഷേപരേഖ)	ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സ്പെഷ്യൽ അഫോറസ്റ്റേ- ഷൻ & നോഡൽ ഓഫീസർ.)	ഇല്ല	ഒറ്റത്തവണ തുക സർക്കാരിലേക്ക് നൽകേണ്ടത്. 1. ഫർണിച്ചർ യൂണിറ്റ് -10,000

				രൂപ 2. പാക്കിംഗ് കേസ്സ് യൂണിറ്റ് - 50,000 രൂപ പ്ലൈവുഡ് യൂണിറ്റ് - 2,00,000 രൂപ വെനീർ യൂണിറ്റ് - 2,00,000 രൂപ
13.	പ്രോപർട്ടിമാർക്ക് രജിസ്ട്രേഷൻ	ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്	ഇല്ല	5000 രൂപ
14.	പ്രോപർട്ടിമാർക്ക് രജിസ്ട്രേഷൻ പുതുക്കൽ	ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്	ഇല്ല	ഇല്ല
15.	ഗാർഹിക ആവശ്യത്തിന് ചില്ലറ വിൽപ്പന വഴി തടി വാങ്ങൽ.	വനം വകുപ്പിന്റെ ചില്ലറ തടിവിൽപ്പന കേന്ദ്രം.	ഇല്ല	തടിയുടെ വിലയും നികുതികളും
16.	തടിലേലത്തിൽ പങ്കെടുക്കൽ	തടിവിൽപ്പന കേന്ദ്രങ്ങൾ	നിരത ദ്രവ്യം	ലേലം കൊണ്ട വില + നികുതികൾ
17.	തടികളുടെ ടെണ്ടർ വിൽപ്പനയിൽ പങ്കെടുക്കൽ	ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്	നിരത ദ്രവ്യം	ലേലം കൊണ്ട വില + നികുതികൾ
18.	വനപ്രദേശം സന്ദർശിക്കൽ	ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്	ഇല്ല	ഇല്ല
19.	നാട്ടാനകളുടെ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്	ചീഫ് വൈൽഡ്ലൈഫ് വാർഡന്റെ ഓഫീസ്.	ഇല്ല	1000 രൂപ
20.	ഗവേഷണ ആവശ്യങ്ങൾക്ക് സംരക്ഷിത പ്രദേശങ്ങൾ സന്ദർശിക്കൽ	ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ ഓഫീസ്	ഇല്ല	ഇല്ല
21.	വനം ഡിപ്പോ വഴി സ്വകാര്യ വ്യക്തികളുടെ ചന്ദനമര വിൽപ്പന	ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്	ഇല്ല	മുറിക്കൽ - ലേല ചെലവ്/ലേലത്തു കയുടെ 30%
22.	പരിസ്ഥിതി പഠന യാത്രകൾ	വിദ്യാർത്ഥി- കൾക്ക് അതതു മേഖലയിലെ വൈൽഡ്ലൈഫ് വാർഡന്റെ ഓഫീസ്	ഇല്ല	ഇല്ല

		തദ്ദേശവാസി- കൾക്ക് ഫീൽഡ് ഡയറക്ടർ/കൺ സർവേറ്ററുടെ ഓഫീസ് മറ്റുള്ളവർക്ക് ചീഫ് വൈൽഡ്ലൈഫ് വാർഡന്റെ ഓഫീസ്		
23.	വനവൃക്ഷങ്ങളുടെയും ഔഷധ സസ്യങ്ങളുടെയും തൈകൾ ലഭിക്കുന്നതിന്	അതതു ജില്ലകളിലെ സാമൂഹ്യ വനവത്ക്കരണ വിഭാഗം അസ്സി: കൺസർവേറ്ററുടെ ഓഫീസ്.	ഇല്ല	തൈയുടെ വില
24.	വിവരാവകാശ നിയമ പ്രകാരം വിവരങ്ങൾ അറിയുന്നതിന്	ബന്ധപ്പെട്ട ഇൻഫർമേഷൻ ഓഫീസർ/ അസ്സി:ഇൻഫർമേഷൻ ഓഫീസർ	10 രൂപ	ഫോട്ടോകോപ്പി ചെലവ്
25.	ഫോറസ്റ്റ് സെൻട്രൽ ലൈബ്രറിയിലെ പുസ്തകങ്ങളും രേഖകളും പരിശോധിക്കുന്നതിന്	ലൈബ്രേറിയൻ		
26.	ഫോറസ്ട്രി ക്ലബ് രൂപീകരിക്കുന്നതിന്	ഡയറക്ടർ, ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ.	ഇല്ല.	ഇല്ല.

വന്യജീവി സങ്കേതം/ദേശീയോദ്യാനം/കടുവാസങ്കേതം

എന്നിവിടങ്ങളിൽ പ്രവേശിക്കുന്നതിനുള്ള നിരക്കുകൾ.

a) കടുവാ സങ്കേതങ്ങളും * ദേശീയോദ്യാനങ്ങളും	
- പ്രവേശന ഫീസ് - ഇന്ത്യാക്കാർക്ക്	15 രൂപാ ഒരാൾക്ക്
- പ്രവേശന ഫീസ് - വിദേശികൾക്ക്	200 രൂപാ ഒരാൾക്ക്
- 12 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക്	5 രൂപാ ഒരാൾക്ക്
-വീഡിയോ/ മൂവി ക്യാമറ ഉപയോഗിക്കുന്നതിന്	200 രൂപാ പ്രതിദിനം
- സാധാരണ (സ്റ്റിൽ) ക്യാമറ ഉപയോഗിക്കുന്നതിന്	25 രൂപ പ്രതിദിനം

* പെരിയാർ കടുവാ സങ്കേതം സന്ദർശിക്കുന്ന ഇന്ത്യാക്കാരിൽ നിന്ന് 10 രൂപാ വീതവും വിദേശികളിൽ നിന്ന് 100 രൂപാ വിതവും പ്രവേശന ഫീസിനുപുറമേ സർ ചാർജ്ജായി ഈടാക്കുന്നതാണ്.	
b) വാഹന നിരക്ക്	
- ഹെവി വെഹിക്കിൾ	200 രൂപാ പ്രതിദിനം
- ലൈറ്റ് വെഹിക്കിൾ	50 രൂപാ പ്രതിദിനം
- മറ്റുള്ളവ	25 രൂപാ പ്രതിദിനം
c) സിനിമാ നിർമ്മാണം	
- വാണിജ്യ സിനിമ	10,000 രൂപ പ്രതിദിനം
- ഡോക്യുമെന്ററി നിർമ്മാണം/വിദ്യാഭ്യാസ ചിത്രം/വാണിജ്യ ഫോട്ടോഗ്രാഫി	25 രൂപ പ്രതിദിനം

വന്യജീവി സങ്കേതങ്ങൾ

a) പ്രവേശന ഫീസ്- ഇന്ത്യാക്കാർക്ക്	10 രൂപ ഒരാൾക്ക്
പ്രവേശന ഫീസ്- വിദേശികൾക്ക്	100 രൂപ ഒരാൾക്ക്
12 വയസ്സിനു താഴെയുള്ള കുട്ടികൾക്ക്	5 രൂപ ഒരാൾക്ക്
b) വീഡിയോ /മൂവി ക്യാമറ	150 രൂപ പ്രതിദിനം
സാധാരണ (സ്റ്റിൽ) ക്യാമറ	25 രൂപ പ്രതിദിനം
വാഹന നിരക്ക്	
- ഹെവി വെഹിക്കിൾസ്	150 രൂപ പ്രതിദിനം
- ലൈറ്റ് വെഹിക്കിൾ	50 രൂപ പ്രതിദിനം
മറ്റുള്ളവ	20 രൂപ പ്രതിദിനം

വിവിധ ഇക്കോടൂറിസം പരിപാടികൾക്ക് സർവ്വീസ് ചാർജ്ജ് നിരക്കുകൾ *

1.	**പാർക്കിംഗ്**	ഇരുചക്ര വാഹനം ലൈറ്റ് മോട്ടോർ വെഹിക്കിൾ ഹെവി മോട്ടോർ വെഹിക്കിൾ	5- 15 രൂപ വരെ 10-30 രൂപ വരെ 20-60 രൂപ വരെ	(12 മണിക്കൂർ സമയത്തേയ്ക്ക്)

2.	പിക്നിക് ഏരിയ/പൊതുസ്ഥല ഉപയോഗം	(13 വയസ്സും അതിനു മുകളിലും പ്രായമുള്ളവർക്ക്)	10 രൂപ മുതൽ 30 രൂപ വരെ ഒരാൾക്ക്	(എ) 13 വയസ്സിനു താഴെ സൗജന്യം (ബി) ശാരീരിക-മാനസിക വൈകല്യമുള്ളവർക്ക് പ്രായഭേദമെന്യേസൗജന്യം. (സി) അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നുള്ള വിദ്യാഭ്യാസ/വിനോദയാത്രകൾക്ക് പകുതി നിരക്ക്.
3 (a)	വനപ്രാന്തപ്രദേശങ്ങളിൽ ഹ്രസ്വദൂര ട്രെക്കിങ്ങ് – 3 മണിക്കൂർ	(13 വയസ്സും അതിനു മുകളിലും പ്രായമുള്ളവർക്ക്)	250 രൂപ മുതൽ 500* രൂപ വരെ. 10 അംഗങ്ങൾ മാത്രം അധികമുള്ള ഓരോ ആൾക്കും 30 രൂപ മുതൽ 60 രൂപ വരെ പരമാവധി 20 അംഗങ്ങൾ.	(എ) 13 വയസ്സിനു താഴെ പകുതി നിരക്ക്. (ബി) അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നുള്ള വിദ്യാഭ്യാസ/വിനോദയാത്രകൾക്ക് പകുതി നിരക്ക്. (സി) ശാരീരിക-മാനസിക വൈകല്യമുള്ളവർക്ക് ട്രക്കിംഗിന് അനുവാദമില്ല.
(b)	വനപ്രാന്തപ്രദേശങ്ങളിൽ ട്രെക്കിങ്ങ് – 6 മണിക്കൂർ	(13 വയസ്സും അതിനു മുകളിലും പ്രായമുള്ളവർക്ക്) .	400 മുതൽ 800 * രൂപ വരെ.അംഗങ്ങൾ 10. അധിക ഓരോ അംഗത്തിനും 50 മുതൽ 100 രൂപവരെ. പരമാവധി 20 അംഗങ്ങൾ	(എ) 13 വയസ്സിനു താഴെ പകുതി നിരക്ക്. (ബി) അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നുള്ള വിദ്യാഭ്യാസ/വിനോദയാത്രകൾക്ക് പകുതി നിരക്ക്. (സി) ശാരീരിക-മാനസിക വൈകല്യമുള്ളവർക്ക് ട്രക്കിംഗിന് അനുവാദമില്ല.
4. (a)	ഉൾവന ട്രെക്കിങ്ങ് – 12 മണിക്കൂർ (വനത്തിൽ രാത്രി താമസം ഇല്ലാതെ)	(13 വയസ്സും അതിനു മുകളിലും പ്രായമുള്ളവർക്ക്)	800 മുതൽ 1500 * രൂപ വരെ. 5 അംഗങ്ങൾ. അധികമായ ഓരോ അംഗത്തിനും 200 മുതൽ 400 രൂപ വരെ. പരമാവധി 10 അംഗങ്ങൾ.	(എ)യാത്രകളിൽ വനം വകുപ്പുദ്യോഗസ്ഥൻ അനുധാവനം ചെയ്യണം. (ബി) 13 വയസ്സിൽ താഴെയുള്ളവർക്ക് അനുവദനീയമല്ല. (സി) മറ്റു യാതൊരു സൗജന്യവും അനുവദനീയമല്ല. (സി) ശാരീരിക-മാനസിക വൈകല്യമുള്ളവർക്ക് ട്രക്കിംഗിന് അനുവാദമില്ല.
(b)	ഉൾവന ട്രെക്കിങ്ങ് – 36 മണിക്കൂർ വനത്തിൽ ഒരു രാത്രി ക്യാമ്പ്.	(13 വയസ്സും അതിനു മുകളിലും പ്രായമുള്ളവർക്ക്)	2000 മുതൽ 4000 രൂപ വരെ. 5 അംഗങ്ങൾ മാത്രം.	(എ)യാത്രകളിൽ വനം വകുപ്പുദ്യോഗസ്ഥൻ അനുധാവനം ചെയ്യണം. (ബി) 13 വയസ്സിൽ താഴെയുള്ളവർക്ക് അനുവദനീയമല്ല. (സി) മറ്റു യാതൊരു സൗജന്യവും അനുവദനീയമല്ല. (ഡി) ശാരീരിക-മാനസിക വൈകല്യമുള്ളവർക്ക് ട്രക്കിംഗിന്

				അനുവാദമില്ല.
(c)	ഉൾവന ട്രെക്കിങ്ങ് - 60 മണിക്കൂർ വനത്തിൽ രണ്ടു രാത്രി ക്യാമ്പ്.	(13 വയസ്സും അതിനു മുകളിലും പ്രായമുള്ളവർക്ക്)	3000 മുതൽ 6000 രൂപ വരെ. 5 അംഗങ്ങൾ മാത്രം.	എ) യാത്രകളിൽ വനം വകുപ്പുദ്യോഗസ്ഥൻ അനുധാവനം ചെയ്യണം. (ബി) 13 വയസ്സിൽ താഴെയുള്ളവർക്ക് അനുവദനീയമല്ല. (സി) മറ്റു യാതൊരു സൗജന്യവും അനുവദനീയമല്ല. (ഡി) ശാരീരിക-മാനസിക വൈകല്യമുള്ളവർക്ക് ട്രക്കിംഗിന് അനുവാദമില്ല.
5.	സ്പെഷ്യൽ ക്ലാസ്സ്	ഒരു മണിക്കൂർ 1-3 മണിക്കൂർ 3-6 മണിക്കൂർ	400.00 രൂപ 600.00 രൂപ 750.00 രൂപ	ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നവർക്കുള്ള പ്രതിഫലവും സൗകര്യങ്ങളും ഉപകരണങ്ങളും ഉപയോഗിക്കുന്നതിനുള്ള ഫീസും ഇതിൽ ഉൾപ്പെടും. പ്രാദേശിക സാഹചര്യങ്ങൾക്കനുസരിച്ച് നിരക്ക് നിശ്ചയിക്കാം.
6.	നീന്തൽ/കുളി	പരമാവധി 3 മണിക്കൂർ (പകൽ മാത്രം)	ആളൊന്നുക്ക് 50 രൂപ	അനുവദനീയമായ സ്ഥലങ്ങളിൽ മാത്രം. സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും നിയമപാലനത്തിനും പരിസ്ഥിതി ശുചിത്വത്തിനുമുള്ള ചെലവ് ഇതിൽ ഉൾപ്പെടുന്നു. ഇത് കൂടി ഉൾപ്പെടുത്തി ട്രക്കിംഗ് നിരക്ക് നിശ്ചയിക്കാം.

പരാതി പരിഹാരം

വനം വകുപ്പിനെ സംബന്ധിച്ച പൊതുജനങ്ങളുടെ പരാതികൾ **1800 425 4733** എന്ന ടോൾഫ്രീ നമ്പറിൽ വനംവകുപ്പ് ആസ്ഥാനത്ത് വിളിച്ച് വിവരം ധരിപ്പിച്ച് പരിഹാരം തേടാം. വനം ഉദ്യോഗസ്ഥന്മാരുടെ പ്രവർത്തനം സംബന്ധിച്ച പരാതികൾ ബന്ധപ്പെട്ട ഫ്ളൈയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്ക് കൈമാറാവുന്നതാണ്. ഫോൺ നമ്പറുകൾ താഴെകൊടുക്കുന്നു.

ക്രമ നമ്പർ	ഉദ്യോഗസ്ഥൻ	ഫോൺ നമ്പർ
1.	ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ഫ്ളൈയിംഗ് സ്ക്വാഡ്, കണ്ണൂർ	0497- 2766345
2.	ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ഫ്ളൈയിംഗ് സ്ക്വാഡ്, കോഴിക്കോട്	0495- 2416600
3.	ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ഫ്ളൈയിംഗ് സ്ക്വാഡ്, പാലക്കാട്	0491- 2555396

4.	ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ഫ്ളൈയിംഗ് സ്ക്വാഡ്, എറണാകുളം	0484- 2344348
5.	ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ഫ്ളൈയിംഗ് സ്ക്വാഡ്, കോതമംഗലം	0485- 2822566
6.	ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ഫ്ളൈയിംഗ് സ്ക്വാഡ്, ഇടുക്കി.	0486- 2232449
7.	ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ഫ്ളൈയിംഗ് സ്ക്വാഡ്, പുനലൂർ	0475- 2222638
8.	ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ഫ്ളൈയിംഗ് സ്ക്വാഡ്, തിരുവനന്തപുരം	0471- 2368686

സംശയ നിവാരണി

തടി ലേലം

1. തടിലേലത്തിൽ എങ്ങനെ പങ്കെടുക്കാം ?

ലേലത്തിൽ പങ്കെടുക്കുന്ന വ്യക്തിയുടെ സ്ഥിരമേൽവിലാസം ബന്ധപ്പെട്ട വില്ലേജ് അധികാരി സാക്ഷ്യപ്പെടുത്തിയിരിക്കണം. അല്ലെങ്കിൽ പാസ്പോർട്ടിന്റേയൊ, ഇലക്ഷൻ കാർഡിന്റെയോ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കിയാലും മതിയാകും. ചന്ദനലേലത്തിൽ പങ്കെടുക്കുന്നതിന് നിരതദ്രവ്യമായി 50,000 രൂപയും തേക്കിനും വീട്ടിക്കും 10000 രൂപയും, മറ്റ് ഇതര തടിയിനങ്ങൾക്കാണെങ്കിൽ 1000 രൂപയും ഒടുക്കേണ്ടതാണ്. തടിലേലം സംബന്ധിച്ച കൂടുതൽ വിവരങ്ങൾ കാലാകാലങ്ങളിൽ സർക്കാർ ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നുണ്ട്.

2. തടിലേലത്തിൽ ആർക്കെല്ലാം പങ്കെടുക്കാം.

തിരിച്ചറിയൽ രേഖ ഹാജരാക്കി നിരതദ്രവ്യം ലേല നിബന്ധന പ്രകാരം അടച്ച ഏതൊരാൾക്കും ലേലത്തിൽ പങ്കെടുക്കാം. ഒപ്പും സ്ഥിര മേൽവിലാസവും സാക്ഷ്യപ്പെടുത്തി ബന്ധപ്പെട്ട വില്ലേജ് ഓഫീസർ നൽകുന്ന രേഖ/പാസ്സ്പോർട്ട്/ ഡ്രൈവിംഗ് ലൈസൻസ്/ഇലക്ഷൻ കാർഡ് എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പോ, പ്രോപ്പർട്ടിമാർക്ക് രജിസ്ട്രേഷൻ ഉള്ളവർക്ക് ബന്ധപ്പെട്ട ഫോറസ്റ്റ് ഓഫീസർ നൽകുന്ന ഫോട്ടോ ഐഡന്റിറ്റി കാർഡോ തിരിച്ചറിയൽ രേഖയായി സ്വീകരിക്കും.

3. ദർഘാസ് ലേലത്തിൽ പങ്കെടുക്കുന്നത് എങ്ങനെ ?

നൂറു രൂപയും നികുതികളും വിലവരുന്ന ദർഘാസ് ഫോറം വാങ്ങി നിരക്കു രേഖപ്പെടുത്തി മുദ്രവച്ച കവർ തടിവിൽപ്പനവിഭാഗം ഡി.എഫ്.ഒയ്ക്ക് ലേലദിവസം രാവിലെ 9 മണിക്ക് മുമ്പ് സമർപ്പിക്കേണ്ടതാണ്.

4. ലേലം ആരംഭിക്കുന്നത് എപ്പോൾ ?

മുൻകൂറായി പരസ്യപ്പെടുത്തിയ തീയതി രാവിലെ 10 മണിക്ക് ലേലം ആരംഭിക്കും.

5. ലേലത്തിൽ പങ്കെടുക്കാൻ എത്ര തുക കരുതണം?

ലേലത്തിൽ വിജയിച്ച ആൾ ലേലംകൊണ്ട തുകയുടെ 35% അന്നുതന്നെ കെട്ടിവയ്ക്കണം. 1 ലക്ഷം രൂപയ്ക്ക് മുകളിലാണ് ലേല തുകയെങ്കിൽ ബാക്കി വരുന്ന തുക ഏഴ് ദിവസത്തിനകം അടയ്ക്കണം. തടികളുടെ ശരാശരി വില ഡിപ്പോകളിൽ ലഭ്യമാണെന്നിരിക്കെ ആവശ്യക്കാരന് ഇതുനോക്കി ഉദ്ദേശതുക കണക്കാക്കാൻ കഴിയും.

6. വിൽപ്പനയ്ക്കുള്ള തടികളും, വിറകും ലേലത്തിന് വയ്ക്കുന്നത് എപ്രകാരം?

സർക്കാർ ഡിപ്പോകളിൽ തടികൾ ലോട്ടുകളായിട്ടാണ് വിൽപ്പനയ്ക്ക് വയ്ക്കുക. 4 ക്യൂബിക് മീറ്ററിൽ കവിയാത്ത തേക്കും, 8 ക്യൂബിക് മീറ്റർ അധികംവരാത്ത മറ്റിനം തടികളും ലോട്ടുകളായി തിരിച്ച് അടുക്കി വച്ചിരിക്കും. കഴകളും ചെറുതടികളും വിറകും ടെറിട്ടോറിയൽ റെയിഞ്ചുകളിലാണ് സാധാരണ ലേലം ചെയ്യുന്നത്. ഒന്നാം തരം തേക്കിൻ കഴകൾ 25 എണ്ണവും രണ്ടാം തരം 50 എണ്ണവും മൂന്നാം തരം 100 എണ്ണവും നാലാം തരം 200 എണ്ണവും അഞ്ചാം തരം 400 എണ്ണവുമാണ് സാധാരണയായി അട്ടിയിടുന്നത്. ഒരു ലോറിയിൽ കയറ്റാവുന്നത്ര അളവിലാണ് വിറക് സാധാരണ അട്ടി വയ്ക്കുന്നത്.

7. തടിലോട്ടുകൾ പരിശോധിക്കാൻ കഴിയുമോ ?

ലേലത്തിനു നാലോ, അഞ്ചോ ദിവസം മുമ്പുതന്നെ തടികൾ ലോട്ടാക്കി വച്ചിരിക്കും. തടിയുടെ ലോട്ട് നമ്പർ, എണ്ണം, ഇനം,അളവ്, എന്നിവയടങ്ങിയ വിശദമായ ലിസ്റ്റ് ഡിപ്പോയിൽ നിന്നും ലഭ്യമാണ്. ലോട്ടുകൾ ഓരോന്നും പെയിന്റ്കൊണ്ട് എഴുതി വച്ചിരിക്കുന്നതിനാൽ ലിസ്റ്റുമായി എളുപ്പം ഒത്തുനോക്കി ബോദ്ധ്യപ്പെടാം. ലേലത്തിൽ പിടിച്ചശേഷം പ്രസ്തുത തടിയുടെ ഗുണനിലവാരം സംബന്ധിച്ച പരാതികൾ സ്വീകരിക്കുന്നതല്ല.

8. തടികൾ ലേലംകൊള്ളുന്ന അളവ് എത്രയായിരിക്കും ?

തടികൾ ഓരോ ക്യൂബിക് മീറ്റർ അളവിലും, കഴകൾ ഓരോ എണ്ണത്തിലും, വിറക്-ബില്ലറ്റുകൾ (ചെറുതടികൾ) എന്നിവ ഒരോ മെട്രിക് ടൺ അളവിലുമാണ് ലേലംകൊള്ളാനാകുക.

9. ലേലത്തിൽ പിടിച്ച തടി എപ്പോൾ കൊണ്ടുപോകാം ?

ലേലം കൺസർവേറ്റർ സ്ഥിരപ്പെടുത്തിയാൽ ഒട്ടുംവൈകാതെതന്നെ ബാക്കി ഒടുക്കേണ്ട തുക, വിൽപ്പന നികുതി എന്നിവയെല്ലാം ചേർത്ത് അടയ്ക്കേണ്ട തുകയ്ക്കുള്ള ചെല്ലാൻ രസീത് തടിവാങ്ങിയ ആളുടെ പേർക്ക് സെയിൽസ് ഡിവിഷനിൽ നിന്നും

സർട്ടിഫിക്കറ്റ് ഓഫ് പോസ്റ്റിംഗിൽ അയച്ചുതരും. ഇതിൽപ്പറയുന്ന തുക നിർദ്ദിഷ്ട ട്രഷറിയിൽ അടച്ച് രസീത് ഹാജരാക്കിയാൽ പാസ് മുഖേന തടി നീക്കം ചെയ്യാം.

10. നിലവിലുള്ള നികുതിനിരക്കുകൾ എപ്രകാരം ?

തടിക്ക്

1. **12.5** ശതമാനം വാറ്റ് (മൂല്യവർദ്ധിത നികുതി)
2. **5** ശതമാനം വനവികസന നികുതി. (തടിവിലയുടെയും,വാറ്റിന്റെയും ആകെത്തുകയിന്മേൽ)
3. 2.5 ശതമാനം ആദായനികുതി. (തടിവില,വാറ്റ്,വനവികസന നികുതി എന്നിവയുടെ ആകെത്തുകയിന്മേൽ)
4. ആദായ നികുതിയുടെ **2** ശതമാനം സർചാർജ്ജ്.
5. ആദായ നികുതിയുടെ **3** ശതമാനം വിദ്യാഭ്യാസ സെസ്സ്

വിറകിന്

വിറകിന് 4 ശതമാനമാണ് മൂല്യ വർദ്ധിത നികുതി. മറ്റു നികുതികൾ മേൽ കാണിച്ച നിരക്കിലായിരിക്കും.

11. തടിലേല സംഖ്യ അടയ്ക്കുന്നതിനുള്ള സമയപരിധി എത്രയാണ് ?

ഘനമരത്തടികളുടെ കാര്യത്തിൽ ചെല്ലാൻ തീയ്യതിമുതൽ 60 ദിവസത്തിനുള്ളിൽ ലേലത്തുക അടച്ചാൽ മതിയാകും. പിഴപ്പലിശയും 120 ദിവസത്തെ തറവാടകയും അടച്ചാൽ വീണ്ടും 60 ദിവസം നീട്ടികിട്ടും.

12. തടിലേലത്തിൽ പങ്കെടുത്ത് വേഗത്തിൽ തടി നീക്കം ചെയ്യുന്നതിന് വകുപ്പുണ്ടോ ?

ഷെഡ്യൂൾ നിരക്കിനേക്കാളുമോ, ഡിപ്പോയിലെ കഴിഞ്ഞ മൂന്നു മാസത്തെ ലേലത്തുകയുടെ ശരാശരിയെക്കാളുമോ 120% അധികം തുകയ്ക്ക് ലേലം പിടിക്കുന്നവർക്ക് അപ്പോൾതന്നെ ലേലം സ്ഥിരീകരിച്ചുകിട്ടും. 7-ാം ദിവസം വിലയും മറ്റുനികുതികളും അടച്ചശേഷം തടി കൊണ്ടു പോകുകയുമാകാം.

13. ലേലത്തിലെടുത്ത തടികൾ കടത്തികൊണ്ടുപോകുന്നതിന് വനംവകുപ്പ് സൗകര്യം ചെയ്തുതരുമോ ?

ഇല്ല, തടികൾ വാഹനത്തിൽ കയറ്റുന്നതിനും കൊണ്ടുപോകുന്നതിനുമുള്ള ഏർപ്പാടുകൾ ലേലം കൊണ്ടവർ തന്നെ ചെയ്യണം. കയറ്റുന്നതിനുള്ള തൊഴിലാളികൾ

എല്ലാ ഡിപ്പോകളിലും ഉണ്ട്. അവരുടെ വേതനം തടി വാങ്ങിയവർ നൽകണം. മിക്കവാറും ഡിപ്പോകളിൽ കയറ്റുകൂലി നിജപ്പെടുത്തിയിട്ടുണ്ട്.

14. ഗാർഹിക ആവശ്യങ്ങൾക്ക് തടി ലഭിക്കുന്നതിന് സൗകര്യമുണ്ടോ ?

ലേലത്തിൽ പങ്കെടുക്കാതെ ഗാർഹിക ആവശ്യങ്ങൾക്ക് സർക്കാർ ഡിപ്പോകളിൽ നിന്ന് ചില്ലറ വിൽപ്പന വഴി തടി വാങ്ങാൻ സൗകര്യമുണ്ട്. മുൻകൂട്ടി നിശ്ചയിച്ച വിലയാണ് നൽകേണ്ടത്.

15. ചില്ലറ വിൽപ്പനവഴി തേക്ക് തടി വാങ്ങാനുള്ള നടപടിക്രമം എന്താണ് ?

സ്വന്തം ആവശ്യത്തിനുവേണ്ടിയാണ് തടി വാങ്ങുന്നതെന്ന് തെളിയിക്കുവാൻ മതിയായ രേഖകൾ (മേൽവിലാസം തെളിയിക്കുന്ന രേഖ, റേഷൻ കാർഡ്, ബിൽഡിംഗ് പെർമിറ്റ്, അംഗീകരിച്ച പ്ലാൻ തുടങ്ങിയവ) ഹാജരാക്കി സർക്കാർ തടി ഡിപ്പോകളിൽ നിന്ന് 5 ക്യൂബിക് മീറ്റർ തടിവരെ ചില്ലറയായി വാങ്ങാം. ഡിപ്പോ ഓഫീസറിൽ നിന്നും ടോക്കൺ വാങ്ങി തടി തെരഞ്ഞെടുക്കാം. തെരഞ്ഞെടുത്ത തടിയുടെ 1/10 വില (പരമാവധി 20,000 രൂപ) അപ്പോൾ തന്നെ പണമായോ ആ സ്ഥലത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായോ അടയ്ക്കണം. മുഴുവൻ തുകയും അടച്ചാൽ അന്നു തന്നെ തടി നീക്കം ചെയ്യാം. ബാക്കി തുക 3 ദിവസത്തിനകം അടയ്ക്കേണ്ടതും തുടർന്ന് 7 ദിവസത്തിനകം, വാങ്ങിയ തടി ഡിപ്പോയിൽ നിന്നും നീക്കം ചെയ്യേണ്ടതുമാണ്. വനം വകുപ്പിന്റെ തടി ഡിപ്പോകളുടെ പേരും ബന്ധപ്പെട്ട തടിവിൽപ്പന വിഭാഗം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ വിലാസവും ഫോൺ നമ്പരും താഴെകൊടുക്കുന്നു.

തടിവില്പന ഡിവിഷൻ	ഡിപ്പോയുടെ പേര്	ചുമതലയുള്ള ഉദ്യോഗസ്ഥന്റെ വിലാസവും ഫോൺനമ്പരും.
തിരുവനന്തപുരം	കുളത്തുപ്പുഴ തെന്മല ആര്യങ്കാവ് അച്ചൻകോവിൽ	ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ടിംബർ സെയിൽസ്, തിരുവനന്തപുരം. **0471 -2360166**
പുനലൂർ	കടയ്ക്കാമൺ പത്തനാപുരം കോന്നി അരീക്കക്കാവ് തൂയം വീയപുരം	ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ടിംബർ സെയിൽസ്, പുനലൂർ **0475 - 2222617**
കോട്ടയം	പാറമ്പുഴ വെട്ടിക്കോട് തലക്കോട് കോതമംഗലം	ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ടിംബർ സെയിൽസ്, കോട്ടയം **Mob: 9847021429**
പെരുമ്പാവൂർ	വീട്ടൂർ വാരാപ്പുഴ മുടിയ്ക്കൽ ചെട്ടിക്കുളം ചാലക്കുടി	ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ടിംബർ സെയിൽസ്, പെരുമ്പാവൂർ **0484 - 2522219**

പാലക്കാട്	അരുവക്കോട് നെടുങ്കയം വാളയാർ	ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ടിംബർ സെയിൽസ്, പാലക്കാട് **0491 - 2555800**
കോഴിക്കോട്	ചാലിയം ബാവലി കണ്ണോത്ത് കുപ്പാടി പരപ്പ മഞ്ചക്കൽ	ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ടിംബർ സെയിൽസ്, കോഴിക്കോട്. **0495 - 2414702**

വനേതര പ്രദേശങ്ങളിൽ നിന്ന് മരം മുറിക്കുന്നതുമായി ബന്ധപ്പെട്ട നടപടി ക്രമം.

16.'വനേതര ഭൂമി' എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്?

2005-ലെ കേരള വൃക്ഷം വളർത്തൽ പ്രോത്സാഹന നിയമത്തിലെ നിർവ്വചന മനുസരിച്ച് എല്ലാ സ്വകാര്യഭൂമിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭൂമിയും വനേതര ഭൂമിയാണ്. എന്നാൽ കാർഡമം ഹിൽ റിസർവ്വ്, പതിച്ച് നൽകിയെങ്കിലും ഡിസ് റിസർവ്വ് ചെയ്യാത്ത വനഭൂമി, ഏതെങ്കിലും നിയമ പ്രകാരം റിസർവ്വ് വനമായി പ്രഖ്യാപിച്ചിട്ടുള്ളതോ പ്രഖ്യാപിച്ചതായി കരുതപ്പെടുന്നതോ ആയ ഭൂമി, പട്ടികവർഗ്ഗക്കാർക്ക് നൽകിയിട്ടുള്ള ഭൂമിയോ വനഭൂമിയോ, നെൽപ്പാടങ്ങൾ എന്നിവ വനേതര ഭൂമിയിൽപ്പെടില്ല.

17. ഏതെല്ലാം മരങ്ങൾ മുറിക്കുന്നതിനാണ് മുൻകൂർ അനുവാദം വാങ്ങേണ്ടത് ?

വനേതര പ്രദേശങ്ങളിലെ വൃക്ഷം വളർത്തൽ പ്രോത്സാഹന നിയമത്തിൽ പറയുന്ന അൻപതു വില്ലേജുകളിൽ താഴെപ്പറയുന്ന ചന്ദനം ഒഴികെയുള്ള (ചന്ദനം സംബന്ധിച്ച വിവരം 25 -ൽ പ്രത്യേകം ചേർത്തിട്ടുണ്ട്.) പതിനൊന്നിനം മരങ്ങൾ മുറിക്കുവാൻ അനുവാദം വാങ്ങണം.

തേക്ക്, ഈട്ടി, ഇരുൾ, തേമ്പാവ്, കമ്പകം, ചടച്ചി, ചന്ദനവേമ്പ്, എബണി, വെള്ളകിൽ, ചീനി, ചെമ്പകം.

നിയമപ്രകാരമുള്ള നിബന്ധനകൾ 19-ാം ചോദ്യത്തിന് മറുപടിയായി താഴെ ചേർത്തിട്ടുണ്ട്.

18. സംസ്ഥാനത്തിനകത്ത് പാസ്സില്ലാതെ ഏതെല്ലാം തടികൾ കൊണ്ടുപോകാം ?

താഴെപ്പറയുന്ന ഇനം മരങ്ങളുടെ തടി പാസ്സില്ലാതെ സംസ്ഥാനത്തിനകത്ത് കൊണ്ടുപോകാം.

പ്ലാവ് (Artocarpus heterophyllus), കശുമാവ് (Anacardium occidentale), മാവ് (Mangifera indica), പുളി (Tamarindus indica), അൽബീസിയ (Albizia falcataria), കുടമ്പുളി (Garcinia cambogia), വേപ്പ് (Azadirachta indica), റബ്ബർ (Haevia braziliensis), .മുരുക്ക് (Erythrina veriegata), മട്ടി (Ailanthus triphysa), ആഞ്ഞിലി (Artocarpus hirsutus), തെങ്ങ് (Cocos nusifera), കവുങ്ങ് (Areca catechu), കൊന്ന (Peltophorum pterocarpum), ശീമക്കൊന്ന (Glyrissida immaculata), നെല്ലി (Emblica officinalis), ജാതി (Myristica fragrans), പഞ്ഞി മരം (Ceiba pentandra), അക്കേഷ്യ (Acacia auriculiformis), മാഞ്ചിയം, (Acacia mangium), മഞ്ചാടി (Adenanthera Pavonina), കിളിമരം (Commiphora caudata), വട്ട (Macaranga roxburghii), ശീമപ്ലാവ് (Artocarpus artilis), പന (Borassus flabellifer), അരണമരം (Polyalthia longifolia), യൂക്കാലിപ്റ്റസ് (Eucalyptus grandis), അമ്പഴം (Spondias pinnata), അരയാൽ (Ficus religiosa), അശോകം (Saraca indica), അത്തി (Ficus glomerata), ബദാം (Terminalia catappa), കാറ്റാടി (Casuarina equisetifolia), ചെമ്പകം (Michelia champaca), ഇലഞ്ഞി (Mimusops elengi), ഞാവൽ (Syzygium cumini), ഗുൽമോഹർ (Delonix regia), ഇത്തി (Ficus gibbosa), ജക്രാന്ത (Jacaranda mimosifolia), കടുക്ക (Terminalia chebula), കാര (Elaeocarpus serratus), കരിങ്ങോട്ട (Quassia indica), കറിവേപ്പ് (Murraya koenigii), കൂവളം (Aegle marmelos), കുന്നിവാക (Albizia odoratissima), മഹാഗണി (Swietenia macrophylla), മന്ദാരം (Bauhinia malabarica), മണിമരുത് (നീർവെന്തേക്ക്) (Lagerstroemia speciosa), മഞ്ഞക്കൊന്ന (Cassia siamea), മരോട്ടി (Hydnocarpus pentandra), മുരിങ്ങ (Moringa oleifera), നെന്മേനിവാക (Albizia lebbeck), പാല (Alstonia scholaris), പീലിവാക (Albizia falcataria), പേരാൽ (Ficus bengalensis), പെരുമരം (Ailanthus excelsa), പൊന്തൻവാക (Albizia chinensis), പൂവരശ് (Thespesia populnea), പുന്ന (Calophyllum inophyllum), മഴമരം (Samanea saman), സ്പാത്തോഡിയ (Spathodea companulata), താന്നി (Terminalia bellerica), ഉങ്ങ് (Pongamia pinnata), വെള്ളവാക (Albizia procera), വെള്ളപ്പയിൻ (Vareria indica) എന്നിവ.

19. വീട്ടുവളപ്പിലെ മരംമുറിക്കാൻ അനുവാദം വാങ്ങേണ്ടതുണ്ടോ ?

വനേതരപ്രദേശങ്ങളിൽ വൃക്ഷംവളർത്തൽ പ്രോത്സാഹന നിയമത്തിൽ 50 വില്ലേജുകൾ വിജ്ഞാപനം ചെയ്തിട്ടുണ്ട്. വിജ്ഞാപനം ചെയ്ത വില്ലേജുകളുടെ ലിസ്റ്റ് താഴെകൊടുക്കുന്നു.

<u>50 വില്ലേജുകൾ</u>.

ക്രമ നമ്പർ	ജില്ല	വില്ലേജ്

1.	പത്തനംതിട്ട	അരുവാപ്പുലം
2.	പത്തനംതിട്ട	തണ്ണിത്തോട്
3.	പത്തനം തിട്ട	കൊല്ലുമല
4.	പത്തനംതിട്ട	ചിറ്റാർ-സീതത്തോട്
5.	പത്തനം തിട്ട	റാന്നി - പെരുനാട്
6.	ഇടുക്കി	കണ്ണൻദേവൻ ഹിൽസ്
7.	ഇടുക്കി	കാന്തല്ലൂർ
8.	ഇടുക്കി	മാങ്കുളം
9.	ഇടുക്കി	മന്നാങ്കണ്ടം
10.	ഇടുക്കി	മറയൂർ
11.	ഇടുക്കി	പള്ളിവാസൽ
12.	ഇടുക്കി	അറക്കുളം
13.	ഇടുക്കി	ഇടുക്കി
14.	കോട്ടയം	എരുമേലി (നോർത്ത്)
15.	കോട്ടയം	എരുമേലി (സൗത്ത്)
16.	എറണാകുളം	നേര്യമംഗലം
17.	എറണാകുളം	കുട്ടമ്പുഴ
18.	എറണാകുളം	മലയാറ്റൂർ
19.	തൃശ്ശൂർ	പരിയാരം
20.	തൃശ്ശൂർ	പീച്ചി
21.	തൃശ്ശൂർ	പാണൻചേരി
22.	തൃശ്ശൂർ	മടക്കത്തറ
23.	തൃശ്ശൂർ	പുത്തൂർ
24.	പാലക്കാട്	പാടവയൽ
25.	പാലക്കാട്	പുതൂർ
26.	പാലക്കാട്	ഷോളയൂർ
27.	പാലക്കാട്	കോട്ടത്തറ
28.	പാലക്കാട്	അഗളി

29.	പാലക്കാട്	മംഗലം ഡാം
30.	പാലക്കാട്	മുതലമട-1
31.	പാലക്കാട്	മുതലമട-2
32.	പാലക്കാട്	നെല്ലിയാമ്പതി
33.	പാലക്കാട്	പോത്തുണ്ടി
34.	മലപ്പുറം	എടവണ്ണ
35.	മലപ്പുറം	പേരകമണ്ണ
36.	മലപ്പുറം	നിലമ്പൂർ
37.	മലപ്പുറം	അകംപാടം
38.	മലപ്പുറം	ചുങ്കത്തറ
39.	മലപ്പുറം	എടക്കര
40.	കോഴിക്കോട്	ചെമ്പനോട
41.	കോഴിക്കോട്	കാവിലമ്പാറ
42.	കോഴിക്കോട്	കൊടഞ്ചേരി
43.	വയനാട്	വെള്ളരിമല
44.	വയനാട്	കൽപ്പറ്റ
45.	വയനാട്	പാടിച്ചിറ
46.	വയനാട്	പുൽപ്പള്ളി
47.	വയനാട്	കാഞ്ഞിരങ്ങാട്
48.	വയനാട്	പെരിയ
49.	കണ്ണൂർ	ആലക്കോട്
50	കണ്ണൂർ	ആറളം

ഈ വില്ലേജുകളിലെ വനേതരഭൂമിയിലെ ഏതുപ്രദേശത്തു നിൽക്കുന്ന ഏതൊരു വൃക്ഷവും, വൃക്ഷം ജീവനോ സ്വത്തിനോ അപകടകാരണമാവുകയോ, കാറ്റിൽ വീഴുകയോ ചെയ്തു എന്ന കാരണത്താലൊഴികെയോ നിയമത്തിലെ നിർദ്ദിഷ്ട ഉപവകുപ്പിൽ പറഞ്ഞിരിക്കുന്ന പ്രകാരം അനുവദനീയമായ രീതിയിലല്ലാതെയോ മുറിക്കാനോ പിഴുതുകളയാനോ, കത്തിക്കാനോ മറ്റുവിധത്തിൽ നശിപ്പിക്കുവാനോ പാടില്ല.

നിങ്ങളുടെ ഉടമസ്ഥതയിലുള്ള വനേതര ഭൂമി, വിജ്ഞാപനം ചെയ്ത വില്ലേജിൽപ്പെടുന്നില്ലെങ്കിൽ നടപടിക്രമം വളരെ ലളിതമാണ്. നിയമത്തിൽ വിവിധയിനം വൃക്ഷങ്ങളെ താഴെപ്പറയും പ്രകാരം രണ്ടായി തരം തിരിച്ചിട്ടുണ്ട്.

സ്പെസിഫൈഡ് (വിനിർദ്ദേശിക്കപ്പെട്ട അഥവാ എടുത്തുപറഞ്ഞിട്ടുള്ള) വൃക്ഷങ്ങൾ

ചന്ദനം	തേക്ക്	ഈട്ടി	ഇരുൾ	തേമ്പാവ്	കമ്പകം
ചെമ്പകം	ചടച്ചി	ചന്ദനവേമ്പ്	ചീനി	വെള്ളകിൽ	എബണി

ഷെഡ്യൂൾഡ് (പട്ടികയിൽപ്പെട്ട) മരങ്ങൾ

തെങ്ങ്	റബ്ബർ	കശുമാവ്	വാളൻ പുളി	മാവ്	പ്ലാവ്	കുടമ്പുളി	മട്ടി	കവുങ്ങ്
കൊന്ന	ശീമ ക്കൊന്ന	നെല്ലി	വേപ്പ്	മുരുക്ക്	ജാതി	അൽബീ സിയ	പഞ്ഞി മരം	അക്കേഷ്യ
മാഞ്ചിയം	ആഞ്ഞിലി	മഞ്ചാടി	കിളിമരം	വട്ട	ശീമ പ്ലാവ്	പന	അര ണ മരം	യൂക്കാലിപ് റ്റസ്

മരം മുറിക്കുവാനുള്ള അനുവദത്തിനായി (കട്ടിംഗ് പെർമിഷൻ) സ്ഥലം റെയിഞ്ചാഫീസർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത് (അനുബന്ധം=1) ഈ അപേക്ഷ റെയിഞ്ചാഫീസർ നിരസിച്ചാൽ ആയതിനുള്ള അപ്പീൽ മേലധികാരിയായ ഡിവിഷണൽ ഫോറസ്റ്റ് ആഫീസർക്ക് സമർപ്പിക്കാം (അനുബന്ധം – 2).

മരം മുറിക്കുന്നതിനും കൊണ്ടുപോകുന്നതിനും അനുവാദം ആവശ്യമുള്ള സ്ഥലങ്ങൾ താഴത്തെ പട്ടികയിൽ നിന്നും വ്യക്തമാകും.

വില്ലേജിന്റെ നിജസ്ഥിതി	**സ്ഥലത്തിന്റെ വിസ്തൃതി**	**മരത്തിന്റെ ഇനം**	**നിയന്ത്രണം**	
			മരം വെട്ടാൻ	**കൊണ്ടുപോകാൻ**
വിജ്ഞാപനം ചെയ്യാത്ത വില്ലേജുകൾ	സ്ഥല വിസ്തൃതി പ്രസക്തമല്ല.	* എടുത്തു പറഞ്ഞിട്ടുള്ള മരങ്ങൾ	അനുവാദം വേണ്ട	പ്രതിജ്ഞാ പത്രം വേണം.
		എടുത്തുപറഞ്ഞിട്ടുള്ളതല്ലാത്ത എല്ലാ മരങ്ങൾക്കും	അനുവാദം വേണ്ട	അനുവാദം വേണ്ട
വിജ്ഞാപനം ചെയ്ത 50 വില്ലേജുകൾ	വിസ്തീർണ്ണം ഒരു ഹെക്ടറിൽ (ഏകദേശം രണ്ടേ കാൽ ഏക്കറിൽ) താഴെ	*എടുത്തുപറഞ്ഞിട്ടുള്ള മരങ്ങൾക്ക്	അനുവാദം വേണം	അനുവാദം വേണം
		എടുത്തുപറഞ്ഞിട്ടുള്ളതല്ലാതല്ലാത്ത മറ്റേതു മരങ്ങൾക്കും	അനുവാദം വേണ്ട	അനുവാദം വേണ്ട
വിജ്ഞാപനം	വിസ്തീർണ്ണം	പട്ടികയിൽപ്പെട്ട	അനുവാദം	അനുവാദം വേണ്ട

ചയ്ത 50 വില്ലേജുകൾ	ഒരു ഹെക്ടറിൽ (ഏകദേശം രണ്ടേ കാൽ ഏക്കർ) കൂടുതൽ	മരങ്ങൾക്ക്	വേണ്ട	
		*എടുത്തുപറഞ്ഞിട്ടുള്ളതും പട്ടികയിൽപ്പെട്ടതല്ലാത്തതുമായ എല്ലാ മരങ്ങൾക്കും.	അനുവാദം വേണം	അനുവാദം വേണം

(കുറിപ്പ്: ചന്ദനമരങ്ങൾ സ്വകാര്യഭൂമിയിലാണെങ്കിലും മുറിക്കുന്നതിന് അനുവാദം നൽകുന്നതിനുള്ള അധികാരം സർക്കാരിന് മാത്രമാണ്. വിശദാംശങ്ങൾ 20-ാം ചോദ്യത്തിന് മറുപടിയായി കൊടുത്തിരിക്കുന്നു.)

സ്വകാര്യ ഭൂമിയിലെ മരം മുറിച്ചുകൊണ്ടുപോകുന്നതിന് മുൻകാലത്ത് ഫ്രീ പാസ്സ് നൽകിയിരുന്നു. ഇതിനുപകരമായി ഇപ്പോൾ താഴെപ്പറയുന്ന സമ്പ്രദായമാണ് നിലവിലുള്ളത്.

ഈ നിയമപ്രകാരം വനേതര സ്ഥലങ്ങളിൽ നിന്നും മുറിച്ച ചിലയിനം മരങ്ങൾ മറ്റൊരു സ്ഥലത്തേയ്ക്കു കോണ്ടുപോകണമെങ്കിൽ തടിയുടെ ഉടമസ്ഥൻ സ്വയം നൽകുന്ന ഒരു പ്രതിജ്ഞാ പത്രം വേണം. ഇതു ലഭിക്കുന്നതിന് വൃക്ഷത്തിന്റെ ഉടമസ്ഥൻ തടി കൊണ്ടുപോകുന്നതിനു മുമ്പായി ആ പ്രദേശത്ത് അധികാര പരിധിയുള്ള ഫോറസ്റ്റ് റെയിഞ്ച് ഓഫീസറുടെ മുമ്പാകെ ഏതു ഭൂമിയിൽ നിന്നാണോ മരം മുറിച്ചത് ആ ഭൂമിയുടെ സർവ്വേ നമ്പർ, വൃക്ഷങ്ങളുടെ എണ്ണം, വൃക്ഷങ്ങളുടെ ഇനം, തടിയുടെ അളവ്, ഏത് സ്ഥലത്തേയ്ക്കാണ് തടി കൊണ്ടുപോകുന്നത് തുടങ്ങിയ വിവരങ്ങൾ അടങ്ങിയ ഒരു പ്രതിജ്ഞാപത്രം നേരിട്ട് കൊടുക്കുകയോ കൈപ്പറ്റ് രസീതോടുകൂടിയ രജിസ്റ്റേഡ് തപാൽ മുഖേന അയക്കുകയോ ചെയ്യേണ്ടതാണ്. ഈ പ്രതിജ്ഞാ പത്രത്തിന്റെ മാതൃക ചുവടെ ചേർക്കുന്നു.

ഇങ്ങനെ ഫയൽ ചെയ്യുന്ന ഓരോ പ്രതിജ്ഞാ പത്രത്തിനും ഉടൻ തന്നെ ഫോറസ്റ്റ് റെയിഞ്ച് ഓഫീസർ കൈപ്പറ്റ് രസീത് നൽകേണ്ടതും, അങ്ങനെ കൈപ്പറ്റ് രസീത് നൽകിയിട്ടുള്ള പ്രതിജ്ഞാപത്രത്തിന്റെ പകർപ്പ് തടി കൊണ്ടുപോകുന്ന സമയത്ത് അതിനോടൊപ്പം ഉണ്ടായിരിക്കേണ്ടതുമാണ്.

എന്നാൽ, റിസർവ്വ് വനാതിർത്തിയിൽ നിന്നും അഞ്ചു കിലോമീറ്ററിനുള്ളിലുള്ള വനേതര ഭൂമിയിൽ നിന്നുമാണ് നിർദ്ദേശിക്കപ്പെട്ട വൃക്ഷത്തിന്റെ തടി കൊണ്ടുപോകുന്നതെങ്കിൽ, പതിനഞ്ച് ദിവസങ്ങൾക്കുള്ളിൽ ആവശ്യമായ പരിശോധന ഫോറസ്റ്റ് റെയിഞ്ച് ഓഫീസർ നടത്തേണ്ടതാണ്.

പ്രതിജ്ഞാപത്രം ലഭിച്ച് 20 ദിവസങ്ങൾക്കുള്ളിൽ ഫോറസ്റ്റ് റെയിഞ്ചാഫീസറുടെ കൈപ്പറ്റ് രസീത് കിട്ടിയില്ലെങ്കിൽ അത് ലഭിച്ചതായി കരുതപ്പെടേണ്ടതാണ്.

തടി മുറിച്ച് കൊണ്ടുപോകുന്നതിന് ഉടമസ്ഥൻ നൽകേണ്ട പ്രതിജ്ഞാപത്രത്തിന്റെ മാതൃക

…….. ജില്ലയിൽ ……..താലൂക്കിൽ ……. വില്ലേജിൽ …… വീട്ടിൽ …….. മകൻ …….. (….. വയസ്സ്) നൽകുന്ന

പ്രതിജ്ഞാപത്രം. എന്റെ വക ..... താലൂക്കിൽ ..... വില്ലേജിൽ ..... സർവ്വേ നമ്പർ .....-ൽപ്പെട്ട .....സെന്റ് പുരയിടത്തിൽ നിന്ന ..... എണ്ണം തേക്ക് മരങ്ങൾ മുറിച്ച് കഷണങ്ങളായി സ്ഥലത്തിട്ടിരിക്കുന്നു. തടികൾക്ക് താഴെപ്പറയും പ്രകാരം അളവുകളുണ്ട്. ടി സ്ഥലം എന്റെ പൂർണ്ണ കൈവശാവകാശ അധികാരത്തിൽപ്പെട്ടതും സർക്കാരിനോ മറ്റാർക്കെങ്കിലുമോ യാതൊരുവിധ ബാദ്ധ്യതകളും ഇല്ലാത്തതുമാണ്. ടി തടികൾ ..... ഉള്ള മില്ലിൽ കൊണ്ടുപോയി അറുത്ത് തിരികെകൊണ്ടുവന്ന് സ്വന്ത ആവശ്യത്തിന് ഉപയോഗിക്കുവാനാണ്. മേൽ സൂചിപ്പിച്ച വിവരങ്ങൾ സത്യമാണ്. ഇതിനു വിരുദ്ധമായി എന്തെങ്കിലും പ്രവർത്തിക്കുന്ന പക്ഷം അതുമൂലമുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് ഞാൻ മാത്രമായിരിക്കും ഉത്തരവാദിയെന്ന് ഇതിനാൽ പ്രതിജ്ഞ ചെയ്യുന്നു.

അളവു പട്ടിക (മാതൃക)

ക്രമനമ്പർ 1	ഇനം 2	മരത്തിന്റെനമ്പർ 3	തടിയുടെനീളം 4	മദ്ധ്യവണ്ണം 5	ഘനമാനം ക്യൂ.മീറ്റർ 6
1.	തേക്ക്	A	3.40	0.97	0.199
2.	തേക്ക്	A	4.70	0.76	0.169
3.	" "	B	3.75	1.27	0.378
4.	" "	B	4.10	1.03	0.272
5.	" "	B	4.90	0.71	0.123
	ആകെ		20.85	4.74	1.141

(N.B. 1 മുതൽ 5 വരെയുള്ള കോളങ്ങളിലെ മൂഴുവൻ വിശദാംശങ്ങളും നിർബന്ധമായും രേഖപ്പെടുത്തണം)

അപേക്ഷകന്റെ ഒപ്പും പേരും മേൽവിലാസവും.

KERALA FOREST DEPARTMENT

FORM I

(See Rule 3a (1))

Form of Declaration for transporting timber of specified trees from outside 'notified areas' under Section 6

1. Name and address of the applicant :

2. Sy. No. and extent of the field or fields on :

which the tree or trees proposed to be cut, uprooted or burnt stand

3. Name of the Village/Taluk/Block and District where the land on which the tree stand/lie. :
4. Proof of ownership of the trees :
5. List showing the species of tree or trees proposed to be cut or list of logs to be transported as the case may be etc…with GBH of the tree (1.4m from ground level) serially numbered. :
6. Purpose in which the tree/trees are proposed to be cut :
7. Details of regeneration proposed :
8. Place to which to be transported :

Place:
Date: Signature of the Applicant

Declaration

I hereby declare that the information furnished above is true to the best of my knowledge and belief. I also undertake to comply with the conditions subject to which the permission may be granted by the authorized officer.

Signature of the applicant

For Office use only

1. Date of receipt of the application by the authorized officer.
2. Orders of the authorized officer.

Place: No: Date

Date: Authorised Officer

Note:- (i) Application shall be presented in duplicate and one more copy shall be retained by the applicant (ii) One copy with the order of the Authorised Officer shall be returned to the applicant.

KERALA FOREST DEPARTMENT

FORM II

Application for permission for cutting of trees and transport of timber from the 'notified areas'

1. Name and address of the applicant :

2. Sy. No. and extent of the field or fields on which the tree or the trees proposed to be cut, uprooted or burnt stand :

3. Name of the village/Taluk/Block and District where the land on which the trees stand/lie :

4. Proof of ownership of trees :

5. List showing the species of tree or trees proposed to be cut or list of logs to be transported as the case may be etc. with GBH of the tree (1.4m from ground level) serially numbered. :

6. Purpose for which tree/trees is proposed to be cut :

7. Details of regeneration proposd. :

8. Place to which to be transported

Place:
Date:

Signature of the Applicant

Declaration

I hereby declare that the information furnished above is true to the best of my knowledge and belief. I also undertake to comply with the conditions subject to which the permission may be granted by the authorized officer.

Signature of the applicant

For Office use only

1. Date of receipt of the application by the authorized officer.
2. Orders of the authorized officer.

Place: No. Date

Date: Authorised Officer

Note:- (i) Application shall be presented in duplicate (ii) One copy with the order of the Authorised Officer shall be returned to the applicant.

KERALA FOREST DEPARTMENT

FORM III

(See Rule 3b (iv))

(Counter foil to be retained by the issuing Officer)

.....Forest Division

Pass No.

Pass for the Transport of Timber from the 'notified non-forest areas'

1.	Name and residence of the person to whom pass is granted	:
2.	Description of produce	:
3.	Quantity	:
4.	Marks	:
5.	Whence obtained	:
6.	Destination	:
7.	Route (specify the names of Forest Watch Station/Checking Stationon the route)	:
8.	Time Allowed	:
9.	Remarks	:

Signature of the Authorised Officer
Name:
Designation:
(Office Seal)

Note:- (i) Enter number species and measurement of each log or description of produce covered by this pass on the back.

(ii) To be issued in triplicate. The duplicate copy shall be sent to the Divisional Forest Officer concerned and the triplicate copy is to be retained by the authorized officer.

അപ്പീലിന്റെ മാതൃക.

1. Name and address of the applicant :

2. Survey No. and extent of the land :

3. Name of the Village, Taluk, Block and District. :

4. No. and date of the order of the authorized office rejecting the request (copy of the order should be attached)

5. Grounds of appeal :

Place:

Date: Signature of the Applicant

Declaration

I hereby declare that the information furnished above is true to the best of my knowledge and belief. I also undertake to comply with the conditions subject to which the permission may be granted by the appellate authority.

Signature of the Appellant.

20. വീട്ടുവളപ്പിൽ ചന്ദനമരം വളർത്താമോ ?

വളർത്താം. എന്നാൽ ചന്ദനമരങ്ങൾ മുറിക്കുന്നതും, കൊണ്ടുപോകുന്നതും, വിൽക്കുന്നതും വനംവകുപ്പ് മുഖേന ആയിരിക്കണമെന്ന് ചട്ടപ്രകാരം നിർബന്ധമുണ്ട്. ഉടമസ്ഥന്റെ അപേക്ഷ പ്രകാരം വനം ഉദ്യോഗസ്ഥർ ചന്ദനമരം അളന്ന് മുറിപ്പിച്ച് വകുപ്പിന്റെ മറയൂരിലുള്ള ചന്ദന ഡിപ്പോയിൽ എത്തിച്ച് ലേലം ചെയ്യും. മറയൂർ ചന്ദനത്തിന് വൻവില ലഭിക്കുമെന്നതിനാൽ ഇവിടെ വിൽക്കുന്ന സ്വകാര്യ വ്യക്തിയുടെ ചന്ദനത്തിനും മുന്തിയ വില കിട്ടും. ലേലം ചെയ്ത് കിട്ടുന്ന തുകയിലെ 30 ശതമാനം അല്ലെങ്കിൽ മുറിക്കാനും ലേലത്തിനും വേണ്ടിവന്ന ചെലവ്, ഇതിൽ ഏതാണോ കൂടുതൽ അത്രയും തുക മാത്രം വകുപ്പ് എടുത്തുകൊണ്ട് ബാക്കി തുക മുഴുവൻ ചന്ദനമരത്തിന്റെ വിലയായി ഉടമസ്ഥന് ലഭിക്കും.

വന സന്ദർശനവും വന വിഭവങ്ങളുടെ ശേഖരണവും

21. ഗവേഷണ ആവശ്യങ്ങൾക്കായി ജൈവവസ്തുക്കൾ വനത്തിൽ നിന്ന് ശേഖരിക്കുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ എന്തെല്ലാമാണ് ?

വന്യജീവി സങ്കേതങ്ങൾ, ദേശീയോദ്യാനങ്ങൾ, എന്നിവിടങ്ങളിൽ പ്രവേശിക്കുവാനും സ്പെസിമെനുകൾ ശേഖരിക്കുന്നതിനും സംസ്ഥാന ചീഫ് വൈൽഡ്ലൈഫ് വാർഡന്റെ അനുമതി ആവശ്യമാണ്. മറ്റ് സംരക്ഷിത (റിസർവഡ്) വനപ്രദേശമാണെങ്കിൽ ഇതിനായി സംരക്ഷണ വിഭാഗം ചീഫ് ഫോറസ്റ്റ് കൺസർവേറ്ററെ സമീപിക്കേണ്ടതാണ്. കേന്ദ്ര/കേരള സർക്കാർ അംഗീകരിച്ച ശാസ്ത്രീയ ഗവേഷണ സ്ഥാപനങ്ങൾക്കുമാത്രമേ ഇത്തരത്തിൽ അനുവാദം ലഭിക്കുകയുള്ളൂ. ഗവേഷണത്തിന്റെ തലവൻ, ഗവേഷകർ, സഹായികൾ എന്നിവരെ മാത്രമേ വനത്തിനുള്ളിൽ പ്രവേശിക്കുവാനനുവദിക്കുകയുള്ളൂ. അനുവാദം ലഭിച്ചവർ രേഖാമൂലമുള്ള ഉത്തരവ് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ മുമ്പാകെ ഹാജരാക്കേണ്ടതാണ്.

22. മണൽ, കരിങ്കല്ല് എന്നിവയുടെ ശേഖരണം അനുവദനീയമാണോ ?

കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ കാലാകാലങ്ങളിലുള്ള അനുമതി പ്രകാരം നിയന്ത്രിത തോതിൽ മണൽ ശേഖരണം അനുവദിക്കുന്നുണ്ട്. തിരുവനന്തപുരം, തെന്മല, റാന്നി എന്നീ വനം ഡിവിഷനുകളിൽ നിന്നു മാത്രമാണ് മണൽ ശേഖരണം അനുവദിക്കുന്നത്. ഡിസംബർ മുതൽ മേയ് വരെ ആറുമാസമാണ് ശേഖരണത്തിനുള്ള കാലാവധി. 4 ക്യൂബിക് മീറ്റർ മണലാണ് ഒരു ലോഡായി കണക്കാക്കുന്നത്. ഒരു ക്യൂബിക് മീറ്റർ മണലിന് നിലവിൽ അടയ്ക്കേണ്ട തുക താഴെപ്പറയും പ്രകാരമാണ്.

സീനിയറേജ് വില 78 രൂപ, 12% മൂല്യ വർദ്ധിത നികുതി, സീനിയറേജ് വിലയും മൂല്യവർദ്ധിത നികുതിയും ചേർന്ന തുകയുടെ 5% വനവികസന നികുതി, ജിയോളജി വകുപ്പിന് നൽകേണ്ട റോയൽറ്റി തുക ക്യൂബിക് മീറ്ററിന് 20 രൂപ, നിശ്ചിത മാതൃകയിലുള്ള അപേക്ഷാഫോറം ഡിവിഷൻ ഓഫീസുകളിൽ ലഭ്യമാണ്. അപേക്ഷയിൻമേൽ പരിശോധന നടത്തിയ ശേഷം നൽകുന്ന പെർമിറ്റിന്റെയും ചെല്ലാന്റെയും അടിസ്ഥാനത്തിലാണ് തുക അടയ്ക്കേണ്ടത്.

വനപ്രദേശത്ത് പ്രവർത്തിച്ചിരുന്ന കരിങ്കൽ ക്വാറികൾക്ക് ഇപ്പോൾ പ്രവർത്തന അനുമതി ഇല്ല.

23. വനം സന്ദർശിക്കാൻ എന്താണ് ചെയ്യേണ്ടത്. ?

ഏത് വനമാണോ സന്ദർശിക്കാൻ ഉദ്ദേശിക്കുന്നത് ആ സ്ഥലത്തിന്റെ അധികാരപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ/വൈൽഡ്ലൈഫ് വാർഡന്റെ മുൻകൂർ അനുവാദത്തോടെ മാത്രമേ സന്ദർശനം നടത്താവൂ.

24. തടിയിതര വനവിഭവങ്ങൾ എവിടെ നിന്ന് വാങ്ങാം ?

കേരളത്തിലെ വനങ്ങളിൽ നിന്നും തടി ഒഴികെയുള്ള വനവിഭവങ്ങൾ ശേഖരിക്കുന്നതിനുള്ള അവകാശം അംഗീകാരമുള്ള പട്ടികവർഗ്ഗ സഹകരണ സംഘങ്ങളിലെ ആദിവാസികൾക്കാണ്. ഇങ്ങനെ ശേഖരിച്ചുകിട്ടുന്ന വിവിധയിനം ചെറുകിട വനവിഭവങ്ങൾ സംസ്ഥാന പട്ടികജാതി - പട്ടികവർഗ്ഗ വികസന സഹകരണ

ഫെഡറേഷനാണ് സംഭരിച്ച് വിപണനം നടത്തുന്നത്. കേരളത്തിൽ ഫെഡറേഷന് 'വനമാലിക' എന്ന പേരിൽ നാല് ഔട്ട് ലെറ്റുകളാണ് ഉള്ളത്. മൊത്തവ്യാപാരമാണ് ഇവിടെ നടത്തുന്നതെങ്കിലും കുന്തിരിക്കം, ചെറുതേൻ തുടങ്ങിയവചില്ലറയായും പൊതു ജനങ്ങൾക്ക് ഇവിടെനിന്നും നേരിട്ട് വാങ്ങാവുന്നതാണ്. 'ആയൂർധാര' എന്ന നാമധേയത്തിൽ ഔഷധനിർമ്മാണ - വിപണന രംഗത്തും ഫെഡറേഷന്റെ സാന്നിദ്ധ്യമുണ്ട്. ഫെഡറേഷൻ ഔട്ട്ലെറ്റുകളുടെ വിലാസവും ഫോൺനമ്പറും താഴെകൊടുക്കുന്നു.

1.	ബ്രാഞ്ച് മാനേജർ, കേരള സ്റ്റേറ്റ് ഫെഡറേഷൻ ഓഫ് SC/STഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്. പേരൂർക്കട പി.ഒ., തിരുവനന്തപുരം- 695 005 ഫോൺ. 0471-2439611.	2.	ബ്രാഞ്ച് മാനേജർ, കേരള സ്റ്റേറ്റ് ഫെഡറേഷൻ ഓഫ് SC/ST ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്. II, 682 A,S. അഞ്ചേരി, അഞ്ചേരി പി.ഒ.., തൃശ്ശൂർ- 680 006 ഫോൺ. 0487-2351693
3.	ബ്രാഞ്ച് മാനേജർ, കേരള സ്റ്റേറ്റ് ഫെഡറേഷൻ ഓഫ് SC/STഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്. മുനിസിപ്പൽ ലൈബ്രറിക്ക് സമീപം, കോതമംഗലം പി.ഒ.എറണാകുളം- 686691 ഫോൺ. 0485-2862084	4.	ബ്രാഞ്ച് മാനേജർ, കേരള സ്റ്റേറ്റ് ഫെഡറേഷൻ ഓഫ് SC/STഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്. ആനപ്പാറ ബിൽഡിംഗ്സ്, കൽപ്പറ്റ പി.ഒ.വയനാട് -673 121 ഫോൺ. 04936-202402

പ്രധാനപ്പെട്ട തടിയിതര വനവിഭവങ്ങളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	പേര്	ക്രമ നമ്പർ	പേര്
1.	അമൽപൊരി	37.	കൊടിത്തൂവ വേര്
2.	അടപതിയൻ കിഴങ്ങ്	38.	കോലിഞ്ചി
3.	ഇടംപിരി വലംപിരി	39.	പട്ടിഞ്ച
4.	ആടലോടകവേര്	40.	പഞ്ഞിക്കായ
5.	ഈന്തപ്പനക്കായ	41.	പത്തിരിപ്പൂവ്
6.	ഉറുഞ്ചിക്കായ	42.	കാട്ടുപാവലം
7.	ഓരില	43.	പാൽമുതുക്കിൻ കിഴങ്ങ്
8.	ഓടക്കുരു	44.	പാടക്കിഴങ്ങ്
9.	കസ്തൂരിമഞ്ഞൾ	45.	പാച്ചോറ്റിത്തൊലി
10.	കഴഞ്ചിക്കുരു	47.	പുത്തരിചുണ്ട
11.	ചെറുതേൻ	48.	പൊള്ളക്കായ (നാഞ്ചിക്കുരു)
12.	കൽപ്പാശം	49.	പുന്നപ്പൂവ്
13.	കണ്ണാടിവെള്ള	50.	പുളി
14.	കടുക്ക	51.	പാലിക്കുരു
15.	കാട്ടുകുരുമുളകിൻവള്ളി	52.	പീനാറി
16.	കാട്ടുപാവയ്ക്ക	53.	തകര വേര്
17.	കാട്ടുമഞ്ഞൾ	54.	വൻതേൻ
18.	കാട്ടുതിപ്പല്ലി വേര്	55.	തേൻ മെഴുക്
19.	കാഞ്ഞിരക്കുരു	56.	താന്നിക്കായ
20.	കാട്ടിഞ്ചി	57.	തേമ്പ്രക്കായ
21.	കാന്താരിമുളക്	58.	തേറ്റാംപരൽ
22.	കന്മദം	59.	താമരക്കിഴങ്ങ്
23.	കക്കുംകായ	60.	നാങ്കിൻകുരു
24.	കരിംകുറിഞ്ഞി	61.	നറുനീണ്ടി (നാന്നാറി)
25.	കാട്ടുപയർവേര്	62.	നീല അമരി
26.	കാട്ടുതുളസി വേര്	63.	നെല്ലിക്കായ
27.	കാട്ടുപുന്നക്കായ	64.	നീർവാളക്കുരു
28.	കിരിയാത്തി	65	നായ്ക്കരണപ്പരിപ്പ്
29.	കീഴാർനെല്ലി	66	മഞ്ഞക്കൂവ
30.	കുന്തരിക്കം	67	മട്ടിപ്പാൽ
31.	കുറുന്തോട്ടി	68	മരോട്ടിക്കുരു
32.	കുമിഴിൻ വേര്	69	ആവില
33.	കൈതോന്നി	70	മുത്തങ്ങ
34.	കുടംപുളി	71	മുള്ളിലക്കുരു
35.	കൊപ്പൂവെള്ള	72	ചിറ്റരത്തക്കിഴങ്ങ്
36.	കോലരക്ക്	73.	ചീനിക്കായ

74.	ചിറ്റമൃത്	112.	തെറ്റി
75.	ചെറുതേൻ വേര്	113.	താളിപ്പൂവ്
76.	ചെമ്പരത്തിവേര്	114.	തൊട്ടാവാടി
77.	ചിത്തിരപ്പൂവ്	115.	ഇലഞ്ഞിപ്പൂവ്
78.	രാമച്ചം.	116.	നിലനാരകം
79.	ചങ്ങലംപറണ്ട	117.	പുളിയാറില
80.	ശതാവരികിഴങ്ങ്	118.	ചവന്ന കൊടുവേലി
81.	വയമ്പ്	119.	പച്ചില
82.	വയണപ്പൂവ്	120.	പൊങ്ങ്/ഉങ്ങ്
83.	വൻകുറുന്തോട്ടി	121.	മുഞ്ഞ
84.	വെള്ളത്തുമ്പ	122.	മഞ്ചട്ടി
85.	സീതാരി	123.	ഞാവൽ
86.	തഴുതാമവേര്	124.	ഞെരിഞ്ഞിൽ
87.	വെളുത്താവണക്കിൻ വേര്	125.	പൂവൻകുരുന്നൽ
88.	ഗുരുഡക്കൊടി	126.	അടയ്ക്കാമണിയൻ
89.	ജീവകം	127.	കാട്ടുചേന
90.	ദർഭപ്പുല്ല്	128.	ഇലവിൻ പശ
91.	ഏലക്കായ	129.	കൊടകപ്പാല
92.	ചിറ്റോലം	130.	കുന്നിക്കുരു
93.	അത്തിത്തിപ്പലി	131.	കസ
94.	പ്ലാശ് (പൂവും കായും)	132.	ലന്തക്കുരു
95.	പുൽത്തൈലം	133.	നാഗപ്പുല്ല്
96.	കറ്റാർവാഴ	134.	നന്മുഖപ്പുല്ല്
97.	ബ്രഹ്മി	135.	നായ്ക്കരുണ വേര്
98	എരുക്ക്	136.	ഞാവൽക്കുരു
99	ഉഴിഞ്ഞ	137.	ഞെരിഞ്ഞാപുളി കിഴങ്ങ്
100.	തകര	138.	പുലിച്ചുവടി
101.	കൊടങ്ങൽ	139.	ചെറുപുന്നയരി
102.	കാട്ടുവെള്ളരി	140.	ചെറുതിപ്പലി
103.	കോവൽ	141.	തിരുതാളി
104.	കാക്കത്തൊണ്ടി	142.	കണ്ടകാരി
105.	നിലപ്പന	143.	കരിഞ്ചീരകം
106.	ആനച്ചുവടി	144.	വീഴലരി
107.	കരിങ്കടങ്ങൽ	145.	ചുൽപ്പുല്ല്
108.	മേന്തോന്നി		
109.	ചക്കരക്കൊല്ലി		
110.	തേക്കട		
111.	വയൽചുള്ളി		

ഇക്കോ ടൂറിസം, പ്രകൃതി പഠനകൂടാരങ്ങൾ

25. വനം വകുപ്പ് നടപ്പാക്കുന്ന ഇക്കോടൂറിസം പദ്ധതികൾ എവിടെയൊക്കെ ?

പരിസ്ഥിതി സൗഹൃദ വിനോദസഞ്ചാരം കൂടുതൽ ജനകീയമാക്കുന്നതിന്റെ ഭാഗമായി കേരള വനം വകുപ്പ് ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയാണ് ഇക്കോടൂറിസം. വനാശ്രിത സമൂഹത്തിന്റെ പങ്കാളിത്തത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത് എന്ന പ്രത്യേകത കൂടി ഇതിനുണ്ട്. സന്ദർശകരിൽ നിന്ന് ലഭിക്കുന്ന വരുമാനത്തിന്റെ ഒരു വിഹിതം വനാശ്രിത സമൂഹത്തിന്റെ ക്ഷേമത്തിനായുള്ള കരുതൽ ധനമാണ്. കേരളത്തിൽ ഇപ്പോൾ 37 ഇക്കോ ടൂറിസം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

ക്രമ നമ്പർ	ഇക്കോടൂറിസം മേഖലകൾ	നടപ്പാക്കുന്ന വനവികസന ഏജൻസി (എഫ്.ഡി.എ.)	ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ഫോൺ നമ്പർ
1.	കല്ലാർ	തിരുവനന്തപുരം.	ഡി.എഫ്.ഒ. തിരുവനന്തപുരം 0471-2320637/9447979038
2.	പെന്മുടി	തിരുവനന്തപുരം.	" "
3.	മങ്കയം	തിരുവനന്തപുരം.	" "
4.	നെയ്യാർ	നെയ്യാർ - പേപ്പാറ	വൈൽഡ്ലൈഫ് വാർഡൻ തിരുവനന്തപുരം. 0471-2360762/9447979082
5.	പാലരുവി	തെന്മല	ഡി.എഫ്.ഒ. തെന്മല 0475-2344521/9447979037
6.	ചെന്തുരുണി	ചെന്തുരുണി	വൈൽഡ്ലൈഫ് വാർഡൻ ചെന്തുരുണി 0475-2344600/9447979081
7.	കോന്നി	കോന്നി	ഡി.എഫ്.ഒ. കോന്നി 0468-2242222/9447979033
8.	തൊമ്മൻകുത്ത്	കോതമംഗലം	ഡി.എഫ്.ഒ. കോതമംഗലം 0485-2822317/9447979042
9.	പെരിയാർ	പെരിയാർ ഫൗണ്ടേഷൻ	ഡെപ്യൂട്ടി ഡയറക്ടർ 04869-222027/9447979091
10.	ചീയപ്പാറ	മൂന്നാർ	ഡി.എഫ്.ഒ. മൂന്നാർ 0486-5264237/9447979045
11.	രാജമല	മൂന്നാർ	" "
12.	മറയൂർ	മറയൂർ	ഡി.എഫ്.ഒ. മറയൂർ 0486-5252988/9447979047

13.	മൂന്നാർ	ആനമുടി	വൈൽഡ്ലൈഫ് വാർഡൻ മൂന്നാർ. 0486 - 5231587/9447979093
14.	ആനമുടി	ആനമുടി	" "
15.	രാജമല	ആനമുടി	" "
16.	ചിന്നാർ	ചിന്നാർ	" "
17.	അഞ്ചുരുളി	നഗരംപാറ	ഡി.എഫ്.ഒ. കോട്ടയം 0481-2562276/9447979043
18.	കൊലുമ്പൻ കോളനി	നഗരംപാറ	" "
19.	ചെല്ലാർകോവിൽ	നഗരംപാറ	" "
20.	പാണേലിപ്പോര്	മലയാറ്റൂർ	ഡി.എഫ്.ഒ. മലയാറ്റൂർ 0484-2649052/9447979053
21.	ചിമ്മിണി	പീച്ചി	വൈൽഡ്ലൈഫ് വാർഡൻ പീച്ചി 0487 - 2699017/9447979103
22.	ആതിരപ്പള്ളി	വാഴച്ചാൽ	ഡി.എഫ്.ഒ. വാഴച്ചാൽ 0480-2701713/9447979055
23.	നെല്ലിയാമ്പതി	നെന്മാറ	ഡി.എഫ്.ഒ. നെന്മാറ 0492-3243179/9447979062
24.	പറമ്പിക്കുളം	പറമ്പിക്കുളം	വൈൽഡ്ലൈഫ് വാർഡൻ പറമ്പിക്കുളം 04253 - 245005/9447979102
25.	ആഢ്യൻപാറ - മമ്പാട്	നിലമ്പൂർ നോർത്ത്	ഡി.എഫ്.ഒ. നിലമ്പൂർ (നോർത്ത്) 0493-1220232/9447979064
26.	നെടുങ്കയം - കോട്ടപ്പുഴ	നിലമ്പൂർ സൗത്ത്	ഡി.എഫ്.ഒ. നിലമ്പൂർ (സൗത്ത്) 0493-1220392/9447979065
27.	പെരുവണ്ണാമൂഴി	കോഴിക്കോട്	ഡി.എഫ്.ഒ. കോഴിക്കോട് 0495-2374450/9447979073
28.	കക്കയം	കോഴിക്കോട്	" "
29.	തുഷാരഗിരി	കോഴിക്കോട്	" "
30.	ജാനകിക്കാട്	കോഴിക്കോട്	" "
31.	പൂക്കുണ്ട്	ആറളം	വൈൽഡ്ലൈഫ് വാർഡൻ ആറളം 0490 - 2493160/9447979101

32.	ആറളം	ആറളം	" "
33.	പൈതൽമല	കണ്ണൂർ	ഡി.എഫ്.ഒ. കണ്ണൂർ 0497-2704808/9447979072
34.	മുത്തങ്ങ	സുൽത്താൻ ബത്തേരി	വൈൽഡ്ലൈഫ് വാർഡൻ വയനാട് 04936 - 220454/9447979105
35.	പാക്കം - കറുവ	സൗത്ത് വയനാട്	ഡി.എഫ്.ഒ. വയനാട് (സൗത്ത്) 04936 - 203428/9447979075
36.	ചെമ്പ്ര പീക്ക്	സൗത്ത് വയനാട്	" "
37.	തിരുനെല്ലി, പക്ഷിപാതാളം	നോർത്ത് വയനാട്	ഡി.എഫ്.ഒ. വയനാട് (നോർത്ത്) 04935 - 240233/9447979074

26. പ്രകൃതി പഠന ക്യാമ്പുകൾ സംഘടിപ്പിക്കാൻ എന്ത് ചെയ്യണം ?

തിരുവനന്തപുരം, ചെന്തുരുണി, പെരിയാർ ഈസ്റ്റ്, പെരിയാർ വെസ്റ്റ്, ഇടുക്കി, മൂന്നാർ, പീച്ചി, പറമ്പികുളം, സൈലന്റ്വാലി, വയനാട്, ആറളം എന്നീ വൈൽഡ്ലൈഫ് വാർഡൻമാരുടെ നിയന്ത്രണത്തിൽ കേരളത്തിലെ 20 സംരക്ഷിതമേഖലകളിലും പ്രകൃതിപഠന ക്യാമ്പുകൾ വർഷം മുഴുവനും നടത്തുന്നുണ്ട്. സർക്കാർ അംഗീകൃത വിദ്യാലയങ്ങളിലെ തലവൻമാർ, പരിസ്ഥിതി ക്യാമ്പുകളിൽ പങ്കെടുക്കുന്നതിനുള്ള അപേക്ഷ നിർദ്ദിഷ്ട ഫോറത്തിൽ ബന്ധപ്പെട്ട വൈൽഡ്ലൈഫ് വാർഡൻമാർക്ക് സമർപ്പിക്കേണ്ടതാണ്. ലഭിക്കുന്ന അപേക്ഷയുടെ മുൻഗണനാക്രമം അനുസരിച്ച് 2/3 ദിവസം ദൈർഘ്യമുള്ള ക്യാമ്പുകളാവും അനുവദിക്കുക. പരമാവധി 40 പേർക്ക് ഓരോ ക്യാമ്പിലും പങ്കെടുക്കാവുന്നതാണ്. പഠനക്യാമ്പുകളിൽ വനം പരിസ്ഥിതി രംഗത്തെ വിദഗ്ദ്ധർ ക്ലാസ്സുകൾ നയിക്കും. അതതുവന്യജീവി സങ്കേതത്തോടു ചേർന്നുള്ള പ്രദേശങ്ങളിലെ അപേക്ഷകർക്ക് മുൻഗണന ഉണ്ടായിരിക്കും.

പരിസ്ഥിതി പഠന ക്യാമ്പുകളിൽ പങ്കെടുക്കുന്നതിന് വിദ്യാലയ അധികൃതർ അതതുജില്ലയിലെ വൈൽഡ്ലൈഫ് വാർഡൻമാർക്കും, തദ്ദേശവാസികൾ കൺസർവേറ്റർ അഥവാ ഫീൽഡ് ഡയറക്ടർക്കും, മറ്റ് വിഭാഗങ്ങളിൽപ്പെട്ടവർ ചീഫ് വൈൽഡ്ലൈഫ് വാർഡനുമാണ് അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷ ഒരു മാസം മുൻപേ സമർപ്പിക്കേണ്ടതാണ്. അപേക്ഷയുടെ മാതൃക, വനംവകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്. (**www.forest.kerala.gov.in**) ക്യാമ്പിന്റെ ലഭ്യത അതതു വൈൽഡ്ലൈഫ് വാർഡനിൽ നിന്നും അറിയാവുന്നതാണ്.

പ്രകൃതിപഠന ക്യാമ്പിന് അപേക്ഷ നൽകേണ്ട വൈൽഡ്ലൈഫ് വാർഡൻമാരുടെ മേൽവിലാസവും ഫോൺ നമ്പരും.

ക്രമ നമ്പർ	ദേശീയ ഉദ്യാനങ്ങൾ/വന്യജീവി സങ്കേതങ്ങൾ	ആസ്ഥാനകാര്യാലയ ത്തിന്റെ വിലാസം	ഫോൺ
1.	നെയ്യാർ പേപ്പാറ വന്യജീവിസങ്കേത - ങ്ങൾ,അഗസ്ത്യവനം	വൈൽഡ്ലൈഫ് വാർഡൻ, തിരുവനന്തപുരം, വൈൽഡ്ലൈഫ് ഡിവിഷൻ രാജീവ് ഗാന്ധി നഗർ,പി.ടി.പി. നഗർ, വട്ടിയൂർക്കാവ് പി.ഒ.,തിരുവനന്തപുരം.	9447979082 (Mob) 0471-2360762 (Ph)
2.	ശെന്തുരുണി വന്യജീവി സങ്കേതം	വൈൽഡ്ലൈഫ് വാർഡൻ, ശെന്തുരുണി വന്യജീവി സങ്കേതം തെന്മല ഡാം പി.ഒ., കൊല്ലം-691 301.	9447979081(Mob) 0475-2344600 (Ph)
3.	പെരിയാർ ടൈഗർ റിസർവ്വ് വെസ്റ്റ്,	ഡെപ്യൂട്ടി ഡയറക്ടർ, പെരിയാർ ടൈഗർ റിസർവ്വ് വെസ്റ്റ് പീരുമേട് പി.ഒ., ഇടുക്കി - 685 531.	9447979092 (Mob) 04869-232010 (Ph)
5.	പെരിയാർ ടൈഗർ റിസർവ്വ് ഈസ്റ്റ്,	ഡെപ്യൂട്ടി ഡയറക്ടർ,പെരിയാർ ടൈഗർ റിസർവ്വ് ഈസ്റ്റ്,തേക്കടി, പി.ഒ. കുമിളി, ഇടുക്കി. - 685 536	9447979091 (Mob) 04869-222027 (Ph)
6.	ഇടുക്കി വന്യജീവി സങ്കേതം, തട്ടേക്കാട് പക്ഷിസങ്കേതം	വൈൽഡ്ലൈഫ് വാർഡൻ സഹ്യസാനു, വെള്ളാപ്പാറ പി.ഒ. പയിനാവ്, ഇടുക്കി. 685 603	9447979094 (Mob) 0486-2232271 (Ph)
7.	ഇരവികുളം, ആനമുടി, മതികെട്ടാൻചോല, പാമ്പാടുംചോല ദേശീയോദ്യാനങ്ങൾ, കുറിഞ്ഞിമല, ചിന്നാർ വന്യജീവി സങ്കേതങ്ങൾ	വൈൽഡ്ലൈഫ് വാർഡൻ, ഇരവികുളം ദേശീയോദ്യാനം മൂന്നാർ പി.ഒ. ഇടുക്കി-685612	9447979093 (Mob) 04865-231587 (Ph)
8.	പീച്ചി- വാഴാനി, ചിമ്മിണി വന്യജീവി സങ്കേതങ്ങൾ, മംഗളവനം പക്ഷി സങ്കേതം, ചൂലന്നൂർ മയിൽ സങ്കേതം.	വൈൽഡ്ലൈഫ് വാർഡൻ പീച്ചി- വാഴാനി, വന്യജീവി സങ്കേതം, പീച്ചി പി.ഒ. തൃശ്ശൂർ - 680 683	9447979103 (Mob) 0487-2699017 (Ph)
9.	പറമ്പിക്കുളം വന്യജീവി സങ്കേതം	വൈൽഡ്ലൈഫ് വാർഡൻ, പറമ്പിക്കുളം,വന്യജീവി സങ്കേതം തൂണക്കടവ് പി.ഒ. പൊള്ളാച്ചി (വഴി) പാലക്കാട് - 678 661	9447979102 (Mob) 04253-244500 (Ph)

10.	സൈലന്റ് വാലി ദേശീയോദ്യാനം	വൈൽഡ്ലൈഫ് വാർഡൻ, സൈലന്റ് വാലി ദേശീയോദ്യാനം മണ്ണാർക്കാട് പി.ഒ. പാലക്കാട്, 678 582	9447979104 (Mob) 04924-222056 (Ph)
11.	വയനാട്, വന്യജീവി സങ്കേതം	വൈൽഡ്ലൈഫ് വാർഡൻ, വയനാട്, വന്യജീവി സങ്കേതം സുൽത്താൻ ബത്തേരി പി.ഒ. വയനാട്, 673592.	9447979105 (Mob) 04936-220454 (Ph)
12.	ആറളം വന്യജീവിസങ്കേതം	വൈൽഡ്ലൈഫ് വാർഡൻ, ആറളം,വന്യജീവിസങ്കേതം ഇരിട്ടി പി.ഒ. കണ്ണൂർ 670 703	9447979101 (Mob) 0490-2493160(Ph)

വന നിയമങ്ങളെ സംബന്ധിച്ച്

27. വനം കുറ്റകൃത്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ എന്താണ് ചെയ്യേണ്ടത്. ?

ഉടനെതന്നെ 1800 425 4733 എന്ന ടോൾഫ്രീ നമ്പറിൽ വിളിച്ച് വിവരം അറിയിക്കുക. തൊട്ടടുത്ത വനം ഓഫീസിലും വിവരം അറിയിക്കണം.

28. മനുഷ്യവാസ സ്ഥലത്ത് പ്രവേശിക്കാനിടവന്ന ഒരു രാജവെമ്പാലയെ കൊല്ലാൻ ശ്രമിക്കുന്നതുകണ്ടാൽ എന്തു ചെയ്യണം ?

വന്യജീവി സംരക്ഷണ നിയമപ്രകാരം ഷെഡ്യൂൾ രണ്ടിൽ വരുന്ന വംശനാശഭീഷണി നേരിടുന്ന ഒരു ജീവിയാണ് രാജവെമ്പാല. രാജവെമ്പാലയെ കൊല്ലുന്നത് കുറ്റകരമാണ്. ഇതിന് ശ്രമിക്കുന്ന ജനത്തെ കൃത്യത്തിൽ നിന്നും പിൻതിരിപ്പിക്കണം. കുറ്റകൃത്യം ശ്രദ്ധയിൽപ്പെട്ടാൽ എത്രയുംപെട്ടെന്ന് വനം ഉദ്യോഗസ്ഥരെ വിവരം അറിയിക്കണം.

മനുഷ്യവാസ സ്ഥലങ്ങളിൽ വന്നുപെടുന്ന വിഷപ്പാമ്പുകളെ ജീവനോടെ പിടികൂടാൻ വൈദഗ്ദ്ധ്യമുള്ള ചില വ്യക്തികളുടെ പേരും ഫോൺ നമ്പരും താഴെകൊടുക്കുന്നു. ഇവരിൽ മിക്കവരും ഫീസ് ഈടാക്കാതെ പാമ്പുകളോടുള്ള സ്നേഹംകൊണ്ട് ഈ സേവനം ചെയ്യുന്നവരാണ്. പിടിച്ച പാമ്പുകളെ വനം വകുപ്പിന് കൈമാറണം.

1. ശ്രീ. സുരേഷ്, ശ്രീകാര്യം, തിരുവനന്തപുരം. – 9387974441
2. ശ്രീ. ദിലീപ്, ചാക്ക, തിരുവനന്തപുരം. – 9745684466
3. ശ്രീ. ബൈജു, മണികണ്ഠേശ്വരം. – 9745610776
4. ശ്രീ. മുരുകൻ, കൊല്ലം. – 9946666158

5. ശ്രീ. മാർട്ടിൻ മേക്കമാലി, വടാട്ടുപാറ., ഇടുക്കി - 9961855775

6. ശ്രീ. ഷംസുദ്ദീൻ, പാലക്കാട്. - 9447924204

7. ശ്രീ. സജീവൻ, കോഴിക്കോട് - 9946889148

രാജവെമ്പാലയെപ്പോലെ തന്നെ മറ്റ് വന്യജീവികളും സംരക്ഷണം അർഹിക്കുന്നു. അവയേയും കൊല്ലാനോ ഉപദ്രവിക്കാനോ പാടില്ല. വന്യമൃഗങ്ങൾ നാട്ടിലിറങ്ങിയാൽ തൊട്ടടുത്തുള്ള വനം വകുപ്പിന്റെ ഓഫീസിൽ വിവരം അറിയിക്കണം.

29. വനം ഉദ്യോഗസ്ഥനെ സഹായിക്കാൻ പൗരന് നിയമപരമായി ബാദ്ധ്യതയുണ്ടോ ?

കേരള വനനിയമത്തിലെ 72-ാം വകുപ്പുപ്രകാരം എല്ലാ വന ഉദ്യോഗസ്ഥന്മാരും പൊതുജന സേവകരാണ്. ആയതിനാൽ വനം ഉദ്യോഗസ്ഥനെ കൃത്യനിർവ്വഹണത്തിൽ സഹായിക്കുന്നതിന് പൗരന് നിയമപരമായ ബാദ്ധ്യതയുണ്ട്.

30. ഫോറസ്റ്റ് സ്റ്റേഷനുകളുടെ പ്രവർത്തനം വിശദമാക്കാമോ ?

വനസംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിനായാണ് പോലീസ് സ്റ്റേഷൻ മാതൃകയിൽ ഫോറസ്റ്റ് സ്റ്റേഷനുകൾ വനം വകുപ്പ് ആരംഭിച്ചത്. ഡെപ്യൂട്ടി റെയിഞ്ചർ റാങ്കിലുള്ള ഉദ്യോഗസ്ഥനാണ് സ്റ്റേഷന്റെ ചുമതല. സംസ്ഥാനത്ത് നിലവിൽ വിവിധ ജില്ലകളിലായി 92 ഫോറസ്റ്റ് സ്റ്റേഷനുകൾ പ്രവർത്തിക്കുന്നുണ്ട്. പൊതുജനങ്ങൾക്ക് സ്റ്റേഷൻ സന്ദർശിച്ച് വനം വകുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ഉപദേശം തേടാവുന്നതും, ആവശ്യമെങ്കിൽ പരാതി സമർപ്പിക്കാവുന്നതാണ്.

31. വന്യജീവികളുടെ ആക്രമണത്തിൽ നാശനഷ്ടങ്ങൾ നേരിടേണ്ടിവന്നാൽ നഷ്ടപരിഹാരം ലഭിക്കുമോ ?

വന്യജീവികളുടെ ആക്രമണഫലമായി ജീവനോ, സ്വത്തിനോ നാശനഷ്ടങ്ങൾ സംഭവിച്ചാൽ (നിയമത്തിലെ ചില നിബന്ധനകൾക്കു വിധേയമായി) വനംവകുപ്പിൽ നിന്നും നഷ്ടപരിഹാരം ലഭിക്കും. ആക്രമണം നടന്ന സ്ഥലത്തെ ഫോറസ്റ്റ് റെയിഞ്ചാഫീസർക്ക്/അസ്സി: വൈൽഡ്ലൈഫ് വാർഡന് നിശ്ചിത ഫോറത്തിൽ അപേക്ഷ സമർപ്പിക്കണം. ജീവനാശം സംഭവിച്ചാൽ 50,000/- രൂപയും സ്ഥിരമായ അംഗവൈകല്യമാണെങ്കിൽ 25,000/- രൂപവരെയും പരിക്ക് പറ്റിയാൽ 5,000/- രൂപവരെയുമാണ് നഷ്ട പരിഹാരം.

32. വനം-വന്യജീവി കുറ്റകൃത്യങ്ങൾ സംബന്ധിച്ച് രഹസ്യവിവരം വനംവകുപ്പിന് കൈമാറുന്ന സ്വകാര്യ വ്യക്തികൾക്ക് പാരിതോഷികം ലഭിക്കുമോ ?

ലഭിക്കും. പ്രധാനപ്പെട്ട വനം-വന്യജീവി കുറ്റകൃത്യങ്ങളെ സംബന്ധിച്ച് സത്യസന്ധവും സുപ്രധാനവുമായ വിവരം വനംവകുപ്പിന് കൈമാറുന്ന വ്യക്തികൾക്ക് അവർ കൈമാറുന്ന വിവരത്തിന്റെ പ്രാധാന്യമനുസരിച്ച് പാരിതോഷികം ലഭിക്കും. ഇത്തരക്കാരുടെ പേരും, വിലാസവും രഹസ്യമായി സൂക്ഷിക്കുന്നതുമാണ്.

33. വന്യമൃഗങ്ങളുടെ തോൽ, കൊമ്പ്, എന്നിവ കൈവശം ഉള്ളവർ എന്തൊക്കെ ശ്രദ്ധിക്കണം. ?

വന്യമൃഗങ്ങളുടെ തോൽ, കൊമ്പ്, തലയോട്ടി, അസ്ഥികൾ എന്നിവ ട്രോഫികളായി കൈവശം സൂക്ഷിക്കുന്ന പൊതുജനങ്ങൾ 1972-ലെ വന്യജീവി സംരക്ഷണനിയമപ്രകാരം നിശ്ചിത ഫോറത്തിൽ സംസ്ഥാന ചീഫ് വൈൽഡ്ലൈഫ് വാർഡന് അപേക്ഷ സമർപ്പിച്ച് നേടിയ പൊസഷൻ സർട്ടിഫിക്കറ്റ് സൂക്ഷിച്ചിട്ടില്ലായെങ്കിൽ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഇതു സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് ചീഫ് വൈൽഡ്ലൈഫ് വാർഡൻ, ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്, വഴുതയ്ക്കാട്, തിരുവന്തപുരം-14 എന്ന വിലാസത്തിലോ **0471-2529230** എന്ന ഫോൺ നമ്പറിലോ ബന്ധപ്പെടുക.

34. വളർത്തുപക്ഷി/മൃഗങ്ങളെ വാങ്ങുമ്പോൾ ശ്രദ്ധ ആവശ്യമാണോ ?

വളർത്തുമൃഗങ്ങൾ എന്ന പേരിൽ ചില വില്പനക്കാർ കാട്ടുപക്ഷികളേയും, മൃഗങ്ങളെയും വളർത്തി വിറ്റുവരുന്നുണ്ട്. 1972-ലെ വന്യജീവി സംരക്ഷണ നിയമപ്രകാരം ഇത്തരം വന്യജീവികളെ വാങ്ങുന്നതും, വിൽക്കുന്നതും കുറ്റകരവും ശിക്ഷാർഹവുമാണ്. ഇക്കാര്യം പൊതുജനത്തിന്റെ ശ്രദ്ധയിൽപ്പെട്ടാൽ തൊട്ടടുത്ത വനം വകുപ്പ് ആഫീസിലോ, **1800 425 4733** എന്നടോൾഫ്രീ നമ്പറിലോവിളിച്ചറിയിക്കാവുന്നതാണ്. വന്യമൃഗങ്ങളേയോ അതിന്റെ ശരീര ഭാഗങ്ങളോ ഔഷധാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതും, അവയുടെ നഖം, തോൽ, തുടങ്ങിയ ശരീര ഭാഗങ്ങൾ അനധികൃതമായി വിൽക്കുന്നതും വാങ്ങുന്നതും കുറ്റകരവും ശിക്ഷ അർഹിക്കുന്നതുമാണ്.

35. അവശ നിലയിലോ ഒറ്റപ്പെട്ട അവസ്ഥയിലോ, പക്ഷികളേയോ മറ്റ് വന്യജീവികളേയോ നാട്ടിൻപുറങ്ങളിൽ കണ്ടാൽ എന്താണ് ചെയ്യേണ്ടത്.?

നാം ഇണക്കി വളർത്താത്തതും സ്വാഭാവിക ആവാസത്തിൽ ജീവിച്ചുപോരുന്നതുമായ എല്ലാ ജീവജാലങ്ങളും വന്യജീവികളാണ്. അതായത് കീരിയും, പാമ്പും, ഞണ്ടും ഞവണിയും, വണ്ടും, ശലഭവും, പക്ഷികളും, മൃഗങ്ങളും എല്ലാം വന്യജീവികൾതന്നെ.

വന്യജീവി സംരക്ഷണം ഭരണഘടനാപരമായി ഭാരതത്തിലെ ഓരോ പൗരന്റേയും കടമയാണ്. ദേശാടന പക്ഷികൾ കൂട്ടം തെറ്റിയോ, അപകടത്തിൽപെട്ടോ ചിലപ്പോൾ നമ്മുടെ നാട്ടിൻപുറങ്ങളിൽ വന്നെത്താറുണ്ട്. അതുപോലെതന്നെ വളരെ അപൂർവ്വമായി മാത്രം കാണുന്ന ചില വന്യജീവികളും നാട്ടിൻപുറങ്ങളിൽ പ്രത്യക്ഷപ്പെടാറുണ്ട്. വന്യജീവികളെ, പ്രത്യേകിച്ചു വന്യജീവി സംരക്ഷണ നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളവയെ സ്വന്തമാക്കുന്നതും, കൂട്ടിലടച്ചു വളർത്തുന്നതും, കല്ലെറിയുകയോ, മറ്റ് രീതിയിൽ ഉപദ്രവിക്കുകയോ ചെയ്യുന്നതും ശിക്ഷാർഹമായ കുറ്റമാണ്. ഇത്തരം കൃത്യങ്ങളിൽ ഏർപ്പെടുന്നവരെ തടയാനുള്ള ആർജ്ജവം ജനങ്ങൾക്കുണ്ടാകേണ്ടതാണ്. ഇത്തരം കൃത്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ഏറ്റവും അടുത്തുള്ള വനം വകുപ്പ് കാര്യാലയത്തിലോ, വനം വകുപ്പിന്റെ ടോൾ ഫ്രീ നമ്പരിലോ (1800 425 4733) അറിയിക്കേണ്ടതാണ്. കൂടാതെ സൊസൈറ്റി ഫോർ പ്രിവൻഷൻ ഓഫ് ക്രൂവൽറ്റി റ്റു അനിമൽസ് (എസ്.പി.സി.എ.) പോലുള്ള സ്ഥാപനങ്ങളുമായും, വന്യജീവി/പ്രകൃതിസംരക്ഷണ രംഗത്ത് പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകളുമായും, ബന്ധപ്പെടേണ്ടതാണ്.

36. കടലാമ, തിമിംഗിലങ്ങൾ, ഡോൾഫിനുകൾ, അപൂർവ സ്രാവുകൾ, മുതലായ വന്യജീവികൾ മീൻപിടുത്ത വലയിൽപ്പെട്ടാലോ അവയെ വിപണനം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടാലോ എന്താണ് ചെയ്യേണ്ടത്.?

കടലാമകൾ, തിമിംഗിലങ്ങൾ, ഡോൾഫിനുകൾ അപൂർവ്വ സ്രാവുകൾ മുതലായവ വന്യജീവി സംരക്ഷണ നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ജീവികളാണ്.

ഇത്തരം വന്യജീവികൾ കടൽത്തീരത്ത് അടിയുന്നതും, മത്സ്യത്തൊഴിലാളികളുടെ വലയിൽ കുടുങ്ങുന്നതും സാധാരണമാണ്. അവയെ തിരികെ കടലിൽ സ്വതന്ത്രമാക്കേണ്ടതാണ്. അവയുടെ വംശനാശം തടയുന്നതിന് ഇത് അനിവാര്യമാണ്. ഇത്തരം വന്യജീവികളെ കൊല്ലുന്നതും, ഇറച്ചിക്കും മറ്റ് ആവശ്യങ്ങൾക്കുമായി വിപണനം ചെയ്യുന്നതും വന്യജീവി (സംരക്ഷണ) നിയമപ്രകാരം മൂന്ന് വർഷം മുതൽ ഏഴ് വർഷം വരെ തടവും, പതിനായിരം രൂപയിൽ കുറയാത്ത തുക പിഴയും, ചുമത്താവുന്ന കുറ്റമാണ്. ഇത്തരം കൃത്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ തടയേണ്ടതും അടിയന്തിരമായി അടുത്തുള്ള വനം വകുപ്പ് കാര്യാലയത്തിലോ, വനം വകുപ്പിന്റെ ടോൾ ഫ്രീ നമ്പരിലോ (1800 425 4733) ചീഫ് വൈൽഡ് ലൈഫ് വാർഡനേയോ (0471-2322217)ട അറിയിക്കേണ്ടതുമാണ്.

37. പരിസ്ഥിതി ദുർബലപ്രദേശായി വിജ്ഞാപനം ചെയ്തിട്ടുള്ള സ്ഥലം വനമാണോ?

പരിസ്ഥിതി ദുർബലപ്രദേശമായി വിജ്ഞാപനം ചെയ്തിട്ടുള്ള ഭൂമിക്ക് നിയമപരമായി ഒരു റിസർവ്വ് വനത്തിന്റെ പദവിയാണുള്ളത്.

നാട്ടാന പരിപാലനം

38. നാട്ടാനകളെ പീഡിപ്പിക്കുന്നതു കണ്ടാൽ എന്തു ചെയ്യണം ?

നാട്ടാനകളെ പീഡിപ്പിക്കുന്നത് നാട്ടാന പരിപാലന ചട്ടപ്രകാരവും, വന്യജീവി സംരക്ഷണ നിയമപ്രകാരവും ഗുരുതരമായകുറ്റമാണ്. ഇത്തരം കുറ്റകൃത്യം ശ്രദ്ധയിൽപ്പെട്ടാൽ ഏറ്റവും അടുത്തുള്ള വനം ഓഫീസിൽ വിവരം അറിയിക്കണം.

39. പൊതുസ്ഥലങ്ങളിൽ ആന വിരണ്ടാൽ എന്ത് ചെയ്യണം ?

കേരളത്തി ഉ സവവേളകളിൽ ആനകളെ എഴു ള്ളിക്കാറു് ഇതിന്പുറമെ തടിപിടിക്കു തടക്കം മറ്റ് പലജോലികളും ആനകളെ ഉപയോഗിച്ച് ചെയ്യാറുമു്.എ അമിത അധ്വാനം മൂലമുണ്ടാകുന്ന ശാരീരിക അസ്വാസ്ഥ്യം, പാപ്പാൻമാരുടെ പീഢനം, പൊതുജനങ്ങളി നി ചിലപ്പോൾ നേരിടേ-ിവരു ഉപദ്രവം തുടങ്ങിയവ ഇവയെ പ്രകോപിതരാക്കു ു. മദപ്പാടുള്ള ആനയെ പൊതുകാര്യങ്ങൾക്ക് ഉപയോഗിക്കു തും അപകടകരമാണ്. ഇത്തരം അവസരങ്ങളി ആന വസ്തുവകകൾനശിപ്പിക്കുവാനും, കൺമു കാണു വരെ കൊ നും മുതിർന്നെന്നുവരും. ഈ അപകടകരമായ അവസരത്തി ആനയെ കൂടുത പ്രകോപിപ്പിക്കാതെ ശ്രദ്ധിക്കേ തും, വിവരം തൊട്ടടുത്ത പോലീസ്, വനം അധികാരികളെ അറിയിക്കുന്നതിനൊപ്പം ഓരോ ജി യിലെയും എലിഫന്റ് സ്ക്വാഡിന്റെ ചുമതലയുള്ള ജി ാചീഫ് വെറ്ററിനറി ഓഫീസറേയും വിളിച്ചറിയിക്കാവുന്നതാണ്. രാവിലെ 8 മുത രാത്രി 8 മണിവരെയാണ് വെറ്ററിനറിഓഫീസ് പ്രവർത്തനസമയം. ടെലഫോൺ നമ്പറുകൾ ചുവടെചേർക്കു ു.

ക്രമ നമ്പർ	ജില്ല	ജില്ലാ വെറ്ററിനറി സെന്ററുകളുടെ ഫോൺനമ്പർ
1.	തിരുവന്തപുരം	: 0471-2302643
2.	കൊല്ലം	: 0474 - 2795076
3.	ആലപ്പുഴ	: 0477 - 2252285
4.	പത്തനംതിട്ട	: 0468 - 2270908
5.	ഇടുക്കി	: 0486 - 2229063
6.	കോട്ടയം	: 0481 - 2564623
7.	എറണാകുളം	: 0484 - 2351264
8.	തൃശ്ശൂർ	: 0487 - 2334686
9.	പാലക്കാട്	: 0491 - 2534220
10.	മലപ്പുറം	: 0483 - 2734815
11.	കോഴിക്കോട്	: 0495 - 2368349
12.	വയനാട്	: 04936 - 202729

13.	കണ്ണൂർ	: 0497 - 2700184
14.	കാസർഗോഡ്	: 04994- 224624

40. നാട്ടാനകളെ തിരിച്ചറിയുന്നതിന് എന്തെങ്കിലും സംവിധാനമുണ്ടോ? നാട്ടാന ഇടഞ്ഞ് അപകടമുണ്ടായാൽ ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാണോ ?

നാട്ടാനകളെ തിരിച്ചറിയുന്നതിനാണ് മൈക്രോചിപ്പ് ഘടിപ്പിക്കുന്നത്. ഇവയ്ക്ക് ഇൻഷ്വറൻസ് എടുക്കേണ്ടതും നിർബന്ധമാക്കിയിട്ടുണ്ട്. ഇവ രണ്ടും ഇല്ലാതെ നാട്ടാനകളെ ഉത്സവങ്ങളിലോ പൊതുചടങ്ങുകളിലോ പങ്കെടുപ്പിക്കുവാൻ പാടില്ല. നാട്ടാനകളുടെ ആക്രമണം മൂലം ആനപാപ്പാന്മാർക്കോ, പൊതുജനങ്ങൾക്കോ മരണമോ, സ്ഥിരമായ അംഗവൈകല്യമോ സംഭവിച്ചാൽ 2.50 ലക്ഷം രൂപാവരെ ഇൻഷ്വറൻസ് പരിരക്ഷ നൽകത്തക്കവിധം ആന ഉടമകൾ ഇൻഷ്വറൻസ് എടുക്കേണ്ടതും നിർബന്ധമാക്കിയിട്ടുണ്ട്.

പങ്കാളിത്ത വനപരിപാലനം,ആദിവാസി ക്ഷേമ പ്രവർത്തനങ്ങൾ.

41. വനങ്ങളിലും വനത്തിനു സമീപവും താമസിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് എന്തെങ്കിലും തരത്തിലുള്ള ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നുണ്ടോ ?

ഉണ്ട്. അപകടത്തിൽപ്പെട്ടോ, വന്യജീവികളുടെ ആക്രമണം മൂലമോ മരണം സംഭവിക്കുകയോ, അംഗവൈകല്യം വരുകയോ ചെയ്യുന്നവർക്ക് വനം വകുപ്പ് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം പ്രകൃതി ദുരന്തം/കാട്ടുമൃഗങ്ങളുടെ ആക്രമണം എന്നിവ കാരണം പാർപ്പിടം നഷ്ടപ്പെട്ട് വനങ്ങളിൽ താമസിക്കുന്ന പട്ടികജാതി - വർഗ്ഗക്കാർക്ക് പ്രതിവർഷം 5000/- രൂപയുടെ സമാശ്വാസത്തിന് അർഹതയുണ്ട്. ഈ വിഭാഗക്കാർക്ക് രോഗമോ അപകടമോ മൂലം ആശുപത്രിയിൽ കിടത്തി ചികിത്സിക്കേണ്ടി വന്നാലുള്ള ചെലവുകൾക്കായി ഒരാൾക്ക് ഒരു വർഷം 1000/- രൂപ വരെയും ആശുപത്രിയിലേക്കും തിരിച്ചുമുള്ള യാത്രാചെലവുകൾക്ക് 500/- രൂപവരെയും ലഭിക്കും. വനങ്ങളിലും അരികിലും താമസിക്കുന്ന പട്ടികജാതി - വർഗ്ഗക്കാർ അപകടത്തിൽ പെട്ടോ വന്യജീവികളുടെ ആക്രമണംമൂലമോ മരണപ്പെടുകയോ പൂർണ്ണമായ അംഗവൈകല്യം സംഭവിക്കുകയോ ചെയ്യുന്ന പക്ഷം പരമാവധി 50,000/- രൂപ വരെ ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാണ്. മറ്റുവിഭാഗക്കാർക്ക് വന്യജീവി ആക്രമണത്തിൽ മരണമോ അംഗവൈകല്യമോ സംഭവിച്ചാൽ സമാശ്വാസത്തിന് അർഹതയുണ്ട്.

ഇതിൽ റെയിൽ, റോഡ് അപകടങ്ങൾ, വന്യജീവി, കടന്നൽ, തേനീച്ച ആക്രമണം, മുങ്ങി മരണം, ഉയരത്തിൽ നിന്നുള്ള വീഴ്ച, പാമ്പുകടി, വൈദ്യുതാഘാതം, ഇടിമിന്നൽ,വെള്ളപ്പൊക്കം,ഉരുൾപൊട്ടൽമുതലായവയാണ്'അപകട'മെന്ന് വിവക്ഷിച്ചിരിക്കുന്നത്.

ഇൻഷ്വറൻസ് തുക ലഭിക്കുന്നതിന് ക്ലെയിം ഫോം, പോസ്റ്റ്മോർട്ടം റിപ്പോർട്ട്, മരണ സർട്ടിഫിക്കറ്റ്, ബില്ലുകൾ, ഡിസ്ചാർജ്ജ് സമ്മറി,വാഹന വാടക രസീത്, റെയിഞ്ചാഫീസറുടെ സാക്ഷ്യപത്രം എന്നീ രേഖകൾ സമർപ്പിക്കണം. മരണം, അംഗവൈകല്യം, ചികിത്സ ഇവയോരോന്നിനും ആവശ്യമായ രേഖകൾ ഹാജരാക്കണം. എല്ലാ അപേക്ഷയോടും ഒപ്പം റെയിഞ്ചാഫീസറുടെ സാക്ഷ്യപത്രം നിർബന്ധമാണ്.

അപേക്ഷ അയയ്ക്കേണ്ട ആഫീസുകൾ

ക്രമ നമ്പർ	അപേക്ഷകരുടെ ജില്ല	അപേക്ഷ അയയ്ക്കേണ്ട ആഫീസ്
1.	തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട	യുണൈറ്റഡ് ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്, തിരുവനന്തപുരം ഡിവിഷണൽ ആഫീസ്, നമ്പർ 11, പി.ബി. നമ്പർ 5521, മലങ്കര ബിൽഡിംഗ്സ്, വി.ജെ.ടി. ഹാൾ റോഡ്, പാളയം, തിരുവനന്തപുരം-695034 ഫോൺ: 0471 - 2467344, 2475817,2476342
2.	കോട്ടയം, ഇടുക്കി, എറണാകുളം	യുണൈറ്റഡ് ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്, മൂവാറ്റുപുഴ ഡിവിഷണൽ ആഫീസ്, കുളങ്ങര ടവേഴ്സ്, കച്ചേരിത്താഴം, മൂവാറ്റുപുഴ - 686661. ഫോൺ: 0485 - 2832940
3.	തൃശ്ശൂർ, പാലക്കാട്	യുണൈറ്റഡ് ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്, പാലക്കാട് ഡിവിഷണൽ ആഫീസ്, 11/82, മലബാർ ഫോർട്ട്, മൂന്നാംനില, പി.ബി. നമ്പർ 92, ജി.ബി. റോഡ്, പാലക്കാട് - 678001. ഫോൺ : 0491 - 2527107
4.	മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ്	യുണൈറ്റഡ് ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്, കോഴിക്കോട് ഡിവിഷണൽ ആഫീസ്, രണ്ടാം നില, വൈറ്റ് ലയിൻസ് ബിൽഡിംഗ്, പി.ബി. നമ്പർ - 533,കല്ലായി റോഡ്, കോഴിക്കോട് - 673002 ഫോൺ : 0495 - 2701113

കൂടുതൽ വിവരങ്ങൾക്ക് തിരുവനന്തപുരത്ത് ചീഫ് ഫോറസ്റ്റ് കൺസർവേറ്റ (ഇ & ടി ഡബ്ല്യൂ) റുടെ ആഫീസിലെ 0471 - 2321847 എന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

(അപേക്ഷാ ഫോറം വനം വകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്)

42. വനവികാസ ഏജൻസി (Forest Development Agency) എന്നാൽ എന്ത് ?

വനം ഡിവിഷൻ അടിസ്ഥാനത്തിലുള്ള വനസംരക്ഷണ സമിതികളുടെയും/ഇക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റികളുടെയും കൂട്ടായ്മയാണ് വനവികാസ ഏജൻസി. വനം ഡിവിഷൻ അടിസ്ഥാനത്തിൽ വനവികാസ ഏജൻസികൾ പ്രവർത്തിക്കുന്നു. കണസർവേറ്റർ ചെയർമാനും, ബന്ധപ്പെട്ട ഡി.എഫ്.ഒ. ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമാണ്. ആ പ്രദേശത്തെ വനസംരക്ഷണ സമിതി/ഇക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റികളെല്ലാം ഇതിൽ അംഗങ്ങളായിരിക്കും. കൂടാതെ ബന്ധപ്പെട്ട വകുപ്പുകളുടെ പ്രതിനിധികളും സ്ഥാനീയ അംഗങ്ങളായി ഉണ്ടാകും. 1860-ലെ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട സംഘടനകളാണ് എഫ്.ഡി.എ.കൾ.

ഫലപ്രദമായ സംരക്ഷണത്തിനായി സംയോജിത വനവികസനവും ഗ്രാമീണ തൊഴിലവസര സൃഷ്ടിയും സംബന്ധിച്ച സമീപനങ്ങൾ ഒറ്റപരിപാടിയായി കൂട്ടിയിണക്കുക, വനവിഭവശോഷണം നിയന്ത്രിയ്ക്കുന്നതിന് സമൂഹത്തെ ഉത്തരവാദിയാക്കുന്നതുവഴി വനവിഭവങ്ങളുടെ ക്രമാതീതമായ ചൂഷണംമൂലമുള്ള വനശോഷണം തടയുക. ആദിവാസികൾക്കും മറ്റു ദുർബല ഗ്രാമീണജനതയ്ക്കും തൊഴിൽ സാദ്ധ്യത ഉറപ്പാക്കുക, പ്രകൃതി വിഭവങ്ങളുടെ നിലനില്പുറപ്പാക്കിക്കൊണ്ട് മൊത്തമായ ഗ്രാമീണവികാസം ഉറപ്പാക്കുന്ന രീതിയിൽ മേല്പറഞ്ഞ വിഭാഗത്തിന് സ്ഥായിയായ സാമൂഹിക ആസ്തി ഉണ്ടാക്കുക., കേന്ദ്ര വനം പരിസ്ഥിതി വകുപ്പിൽ നിന്നും മറ്റു സ്രോതസ്സുകളിൽ നിന്നും വിവിധ പദ്ധതികൾക്കുള്ള സഹായം ലഭ്യമാക്കുന്നതിനുള്ള സംവിധാനം സൃഷ്ടിക്കുക, മറ്റു വകുപ്പുകളുടെ സഹായം ലഭ്യമാക്കുക, പരിസ്ഥിതിയ്ക്കനുയോജ്യമായ ഗ്രാമവികസനം ആവിഷ്ക്കരിയ്ക്കുന്നതിനും നടപ്പാക്കുന്നതിനും മറ്റു വകുപ്പുകളും ഏജൻസികളുമായി സമ്പർക്കം സ്ഥാപിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് എഫ്.ഡി.എ.കൾ പ്രവർത്തിക്കുന്നത്.

നിലവിലുള്ള വനസംരക്ഷണ സമിതികൾ ശക്തിപ്പെടുത്തുക, വനസംരക്ഷണ സമിതികൾ ഇല്ലാത്ത സ്ഥലങ്ങളിൽ അവ രൂപീകരിച്ച് പങ്കാളിത്തവനപരിപാലനം പ്രായോഗികമാക്കുക, ഗ്രാമവികസന പ്രവർത്തനങ്ങൾക്ക് സഹായസഹകരണങ്ങൾ നേടികൊടുക്കുക, പ്രസ്തുത പ്രവർത്തനങ്ങൾക്ക് വിവിധ ഏജൻസികളിൽ നിന്ന് ധനസഹായം ലഭ്യമാക്കുക എന്നിവയാണ് വനവികാസ ഏജൻസികളുടെ പ്രധാന ചുമതലകൾ.

43. ജൈവവൈവിധ്യ പ്രാധാന്യമുള്ള ഒരു പ്രദേശം സംരക്ഷിക്കുന്നതിന് പൊതുജനങ്ങളെ സഹകരിപ്പിക്കുന്ന ഏതെങ്കിലും പദ്ധതി ഉണ്ടാ ?

ഉണ്ട്. വന്യമൃഗ സംരക്ഷണ കേന്ദ്രമോ സംരക്ഷണ റിസർവ്വോ അല്ലാത്ത സ്ഥലങ്ങളിലുള്ള സസ്യജന്തുജാലങ്ങളുടെ സംരക്ഷണത്തിനായി വ്യക്തികളുടേയോ, സമൂഹത്തിന്റെയോ താൽപര്യപ്രകാരം കമ്മ്യൂണിറ്റി റിസർവ്വുകൾ സ്ഥാപിക്കാൻ സർക്കാരിന് അധികാരമുണ്ട്.

44. ഇക്കോഡെവലപ്പ്മെന്റ് കമ്മിറ്റി (EDC), വനസംരക്ഷണ സമിതി (VSS) എന്നിവകൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത് ?

ദേശീയ വനനയപ്രകാരം ജനപങ്കാളിത്തത്തോടെയുള്ള വനസംരക്ഷണത്തിനായി രൂപംകൊടുക്കുന്ന ജനകീയ സമിതികളാണ് ഇ.ഡി.സി., വി.എസ്.എസ്. എന്നിവ. വന്യജീവി സങ്കേതങ്ങളിലെ ഇത്തരം ജനകീയ സമിതികൾ ഇക്കോഡെവലപ്പ്മെന്റ് കമ്മിറ്റി (EDC) എന്നും റിസർവ്വ് വനമേഖലയിലെ ജനകീയ സമിതികൾ വനസംരക്ഷണ സമിതി (VSS) എന്നും അറിയപ്പെടുന്നു.

വനങ്ങളുടെ സംരക്ഷണത്തിനും വനാശ്രിതരുടെ ക്ഷേമത്തിനും മുൻഗണന നൽകുന്ന ഒട്ടനവധി പരിപാടികളാണ് ഈ നൂതന പദ്ധതി പ്രകാരം നടപ്പിലാക്കി വരുന്നത്. ഗ്രാമ വികസനം, വനസംരക്ഷണം, സംയോജിത വനവികസനം, ഗ്രാമീണ തൊഴിലവസരങ്ങൾ എന്നിവയെ പരസ്പരം ബന്ധിപ്പിച്ചുകൊണ്ട് ഗുണഭോക്തൃ ഗ്രാമങ്ങളിൽ സ്ഥായിയായ സാമൂഹിക ആസ്തികൾ സൃഷ്ടിക്കാൻ പങ്കാളിത്ത വനപരിപാലനം വഴി സാധിച്ചിട്ടുണ്ട്. വനസംരക്ഷണ പരിപാലന പ്രവർത്തനങ്ങൾ വഴി പ്രക്ഷീണ വനങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനും, വനത്തെ ആശ്രയിച്ചു ജീവിക്കുന്ന സമൂഹങ്ങൾക്ക് തൊഴിലവസരങ്ങൾ ഉണ്ടാക്കുന്നതിനും സാധിച്ചു. വനപരിപാലന പ്രവർത്തനങ്ങളിൽക്കൂടി സമിതിക്ക് ലഭിക്കുന്ന തുക ഉപയോഗിച്ച് കുടിവെള്ള പദ്ധതി, അംഗൻവാടി, കമ്മ്യൂണിറ്റി ഹാൾ, റോഡുകൾ സഞ്ചാരയോഗ്യമാക്കൽ, പൊതുശുചിത്വ സൗകര്യങ്ങൾ, സ്ഥിരമായി തൊഴിൽ ലഭ്യമാക്കാൻ ഉതകുന്ന ചെറുകിട വ്യവസായങ്ങൾ എന്നിങ്ങനെ വിവിധ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ കഴിഞ്ഞു.

45. പങ്കാളിത്ത വനപരിപാലന പ്രവർത്തനങ്ങൾ ഏതെല്ലാം വിധത്തിലാണ് ആദിവാസി ക്ഷേമത്തിന് ഉതകുന്നത്. ?

പ്രത്യേക സാമൂഹ്യ-സാംസ്കാരിക ക്രമമുള്ളവരാണ് ഓരോ ആദിവാസി വിഭാഗവും. ഇത്തരം വിഭാഗത്തിന്റെ താല്പര്യങ്ങൾക്ക് യോജിച്ചവിധം അതതുമേഖലയിൽ തയ്യാറാക്കുന്ന സൂക്ഷ്മാസൂത്രണ രേഖയുടെ അടിസ്ഥാനത്തിലാണ് ഓരോ സ്ഥലത്തും പങ്കാളിത്ത വനപരിപാലനം നടപ്പാക്കി വരുന്നത്. മുമ്പൊന്നും ഇല്ലാത്തവിധം സ്വന്തം വനമേഖലയുടെ ഭാഗധേയം നിർണ്ണയിക്കുന്നതിന് ആദിവാസികളെ പ്രാപ്തമാക്കുംവിധം 2001-ലെ സർക്കാർ ഉത്തരവ് (സാധാരണ) നം. 40/2001/വനം പ്രകാരം വനപരിപാലനത്തിനുള്ള ഉത്തരവാദിത്വവും അധികാരവും ആദിവാസി വനസംരക്ഷണ സമിതികൾക്ക് നൽകുകയുണ്ടായി. അടിസ്ഥാന സൗകര്യ വികസനം, നേരിട്ടുള്ള തൊഴിൽ ലഭ്യതയിലൂടെയുള്ള വരുമാനം, വിവിധ സർക്കാർ ക്ഷേമ പദ്ധതികളെ അടുത്തറിഞ്ഞ് ഉപയോഗപ്പെടുത്താനുള്ള അവസരം, കൂട്ടായ്മയിലൂടെ ലഭിക്കുന്ന സാമൂഹ്യവീക്ഷണം, പരമ്പരാഗത അറിവുകളെ വനം-പരിസ്ഥിതിശാസ്ത്ര വിജ്ഞാനവുമായി ബന്ധിപ്പിക്കുന്നതിനുള്ള അവസരം, ഇവയെല്ലാംവഴി പങ്കാളിത്ത വനപരിപാലനപ്രവർത്തനം ആദിവാസി ക്ഷേമത്തിന് സമഗ്ര സഹായമാണ് നൽകുന്നത്.

46. വനത്തിനു പുറത്തുള്ള അനുയോജ്യമായ പ്രദേശങ്ങളിൽ പങ്കാളിത്തരീതിയിൽ വനപരിപാലനം സാദ്ധ്യമാണോ ?

സാദ്ധ്യമാണ്.വനത്തിനുപുറത്തുള്ളപ്രദേശങ്ങളിൽ ഗ്രാമഹരിതസംഘങ്ങൾ മുഖേന പങ്കാളിത്ത ആവാസവ്യവസ്ഥാപരിപാലനം (Participatory Habitat Management) നടപ്പിലാക്കുന്നതിന് G.O(MS)32/06F&WLD

നമ്പരായി 30.09.2006-ൽസർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തനുസരിച്ച് പൊതുഉടമസ്ഥതയിലുള്ള പാരിസ്ഥിതിക ദുർബല പ്രദേശങ്ങൾ (കടൽത്തീരം, തണ്ണീർ തടങ്ങൾ, ഉൾനാടൻ ജലസ്രോതസ്സുകൾ തുടങ്ങിയവ), ജൈവ വൈവിദ്ധ്യപ്രാധാന്യമുള്ള പ്രദേശങ്ങൾ, കാവുകൾ, പക്ഷികളുടെ ആവാസ കേന്ദ്രങ്ങൾ തുടങ്ങിയവ), പൊതു സ്വകാര്യ സ്ഥാപനങ്ങളുടെ കൈവശമുള്ള ഭൂമിയിൽ, സർക്കാർ വകുപ്പുകളുടെ കൈവശമുള്ള പൊതുസ്ഥലങ്ങൾ, സ്വകാര്യ വ്യക്തികളുടെയും കമ്പനികളുടെയും കൈവശമുള്ളതോ, പാട്ടത്തിനെടുത്തതോ ആയ തോട്ടങ്ങൾ, പറമ്പുകൾ തുടങ്ങിയവ അനുയോജ്യമായ സ്ഥലങ്ങൾ ഇതിനായി തെരഞ്ഞെടുക്കാവുവന്നതാണ്.

സാമൂഹ്യ വനവത്ക്കരണം

47. വീട്ടുവളപ്പിൽ നടുന്നതിന് വൃക്ഷത്തൈകൾ എവിടെനിന്നും ലഭിക്കും ?

എല്ലാ ജില്ലയിലും പ്രവർത്തിക്കുന്ന സാമൂഹ്യ വനവത്ക്കരണ വിഭാഗം ഓഫീസുകളിൽ നിന്നും തൈകൾ ലഭിക്കുന്നതാണ്. മേൽവിലാസം താഴെ ചേർക്കുന്നു.

1. അസ്സി: ഫോറസ്റ്റ് കൺസർവേറ്റർ, സാമൂഹ്യവനവത്ക്കരണ വിഭാഗം,രാജീവ്ഗാന്ധി നഗർ, വട്ടിയൂർക്കാവ്, പി.ഓ., തിരുവനന്തപുരം. പിൻ: 695 013 ഫോൺ: **0471-2360462**

2. അസ്സി: ഫോറസ്റ്റ് കൺസർവേറ്റർ, സാമൂഹ്യവനവത്ക്കരണ വിഭാഗം, വനശ്രീ കോപ്ലക്സ്, ചിന്നക്കട, കൊല്ലം.പിൻ: 691 001 ഫോൺ: **0474-2748976**

3. അസ്സി: ഫോറസ്റ്റ് കൺസർവേറ്റർ, സാമൂഹ്യവനവത്ക്കരണ വിഭാഗം, ഹരിതാ കോപ്ലക്സ്, എലിയറക്കൽ കോന്നി, പി.ഒ., പത്തനംതിട്ട. പിൻ: 689 682ഫോൺ: **0468-2243452**

4. അസ്സി: ഫോറസ്റ്റ് കൺസർവേറ്റർ, സാമൂഹ്യവനവത്ക്കരണ വിഭാഗം, അരണ്യഭവൻ, എസ്.എച്ച് മൗണ്ട് പി.ഓ, കോട്ടയം പിൻ: 686 006 ഫോൺ: **0481-2310412**

5. അസ്സി: ഫോറസ്റ്റ് കൺസർവേറ്റർ, സാമൂഹ്യവനവത്ക്കരണ വിഭാഗം, കൊമ്മാടി ജംങ്ഷൻ, ആലപ്പുഴ നോർത്ത് പി.ഒ.. പിൻ: 688 007 ഫോൺ: **0477-2252034**

6. അസ്സി: ഫോറസ്റ്റ് കൺസർവേറ്റർ, സാമൂഹ്യവനവത്ക്കരണ വിഭാഗം പാലസ് റോഡ്, ചെമ്പൂക്കാവ്, തൃശ്ശൂർ പിൻ: 680 020 ഫോൺ: **0487-2320609**

7. അസ്സി: ഫോറസ്റ്റ് കൺസർവേറ്റർ, സാമൂഹ്യവനവത്ക്കരണ വിഭാഗം, അരണ്യഭവൻ,ഒലവക്കോട് പി.ഒ.പാലക്കാട് പിൻ. 678 002, ഫോൺ: **0491-2555521**

8. അസ്സി: ഫോറസ്റ്റ് കൺസർവേറ്റർ, സാമൂഹ്യവനവത്ക്കരണ വിഭാഗം II nd ഫ്ളോർ, ന്യൂബ്ലോക്ക്, സിവിൽ സ്റ്റേഷൻ, മലപ്പുറം. പിൻ: 676 505. ഫോൺ: **0483-2734803**

9. അസ്സി: ഫോറസ്റ്റ് കൺസർവേറ്റർ, സാമൂഹ്യവനവത്ക്കരണ വിഭാഗം, വനശ്രീ, മാത്തോട്ടം, അരക്കിണർ, പി.ഓ, കോഴിക്കോട് പിൻ: 673 028 ഫോൺ: **0495-2416900**

10. അസ്സി: ഫോറസ്റ്റ് കൺസർവേറ്റർ, സാമൂഹ്യവനവത്ക്കരണ വിഭാഗം, പിണങ്ങോട് റോഡ്, കൽപ്പറ്റ, വയനാട് പിൻ: 673 121 ഫോൺ: **04936-202623**

11. അസ്സി: ഫോറസ്റ്റ് കൺസർവേറ്റർ, സാമൂഹ്യവനവത്ക്കരണ വിഭാഗം, സഹ്യ സാനു, വെള്ളാപ്പാറ, പൈനാവ് പി.ഒ., ഇടുക്കി. പിൻ:685 603 ഫോൺ: **04862-232505**

12. അസ്സി: ഫോറസ്റ്റ് കൺസർവേറ്റർ, സാമൂഹ്യവനവത്ക്കരണ വിഭാഗം, മണിമല റോഡ്, ഇടപ്പള്ളി പി.ഒ., കൊച്ചി, എറണാകുളം. പിൻ: 682 024 ഫോൺ: **0484-2344761**

13. അസ്സി: ഫോറസ്റ്റ് കൺസർവേറ്റർ, സാമൂഹ്യവനവത്ക്കരണ വിഭാഗം, കണ്ണോത്തുംചാൽ, ടാണ പി.ഒ., കണ്ണൂർ. പിൻ: 670012 ഫോൺ: **0497-2705105**

14. അസ്സി: ഫോറസ്റ്റ് കൺസർവേറ്റർ, സാമൂഹ്യവനവത്ക്കരണ വിഭാഗം, വിദ്യാ നഗർ, പി.ഓ., കാസർഗോഡ് പിൻ : 670 123 ഫോൺ: **04994-255234**

48. വൃക്ഷവത്ക്കരണ/പരിസ്ഥിതി സംരക്ഷണ രംഗത്ത് പ്രവർത്തിക്കുന്നവർക്ക് വനംവകുപ്പ് എന്തെങ്കിലും പ്രോത്സാഹനം നൽകുന്നുണ്ടോ ?

ഉണ്ട്, വൃക്ഷവത്ക്കരണം, പരിസ്ഥിതി സംരക്ഷണം, പരിസര ശുചീകരണം, ജലസംരക്ഷണം എന്നിങ്ങനെ വൃക്ഷ - പരിസ്ഥിതി രംഗത്ത് മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന സ്ഥാപനങ്ങളെയും, വ്യക്തികളെയും ആദരിക്കുന്നതിനായി വനം വകുപ്പ് ഒരു ലക്ഷം രൂപയും പ്രശസ്തി പത്രവുമടങ്ങുന്ന 'വനമിത്ര പുരസ്കാരം' ഏർപ്പെടുത്തിയിട്ടുണ്ട്.

വനവിജ്ഞാന വ്യാപനം

49. ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോയുടെ സേവനങ്ങൾ എന്തൊക്കെ ?

കേരളാ വനം വകുപ്പിന്റെ പൊതുജനസമ്പർക്ക വിഭാഗവും വനവിജ്ഞാന വ്യാപന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതും ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോയാണ്.

സേവനങ്ങൾ

- വനവിജ്ഞാന വ്യാപന പ്രചരണത്തിനുള്ള ബോധവൽക്കരണ പരിപാടികൾ.
- വിദ്യാലയങ്ങളിൽ ഫോറസ്ട്രി ക്ലബ്ബുകളുടെ രൂപീകരണം.
- വനവിജ്ഞാനം സംബന്ധിച്ച വിവിധതരം പ്രസിദ്ധീകരണങ്ങൾ.
- എക്സിബിഷനുകളുടെ നടത്തിപ്പ്

ബന്ധപ്പെടേണ്ട ഫോൺ നമ്പർ

ഡയറക്ടർ - 0471-2320155/ 2529203
പബ്ളിക് റിലേഷൻസ് ഓഫീസർ - 0471 - 2529369

വിലാസം
ഡയറക്ടർ ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ,
ഫോറസ്റ്റ് ഹെഡ്ക്വോർട്ടേഴ്സ്,
വഴുതക്കാട്, തിരുവനന്തപുരം-695 014.

E-mail : fibdirector@redifmail.com

50. ഫോറസ്ട്രി ക്ലബ്ബുകൾ രൂപീകരിക്കുന്നത് എങ്ങനെ ?

പ്രിൻസിപ്പാൾ അല്ലെങ്കിൽ ഹെഡ്മാസ്റ്റർ രക്ഷാധികാരിയും ഒന്നോ രണ്ടോ അദ്ധ്യാപകർ സ്റ്റാഫ് ഗൈഡുകളും സേവന മനോഭാവമുള്ള മുപ്പതോ നാൽപ്പതോ വിദ്യാർത്ഥികൾ അംഗങ്ങളുമായാണ് വിദ്യാലയങ്ങളിൽ ഫോറസ്ട്രി ക്ലബ് രൂപീകരിക്കേണ്ടത്. ക്ലബ് രൂപീകരിച്ചു കഴിഞ്ഞാൽ അത് രജിസ്റ്റർ ചെയ്തു കിട്ടുന്നതിനായി നിർദ്ദിഷ്ട ഫോറത്തിൽ ഡയറക്ടർ, ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ, വഴുതയ്ക്കാട്, തിരുവനന്തപുരം-14 എന്ന മേൽ വിലാസത്തിൽ അപേക്ഷ സമർപ്പിക്കണം. അപേക്ഷാ ഫീസില്ല. വനം പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥി ശക്തി പ്രയോജനപ്പെടുത്താനും അതുവഴി സുസ്ഥിര വികസനത്തിന്റെ മാർഗ്ഗങ്ങൾ വരും തലമുറയിലേയ്ക്ക് പകർന്നു നൽകുന്ന തരത്തിലായിരിക്കണം ക്ലബിന്റെ പ്രവർത്തനം. ഇതിന് വനം വകുപ്പിന്റെ സാങ്കേതിക സഹായം ലഭിക്കും. ക്ലബ് പ്രവർത്തനങ്ങളിൽ പൂർണ്ണമായി ഏർപ്പെടേണ്ടി വരുമ്പോൾ സ്കൂൾ അദ്ധ്യാപകർക്ക് പ്രത്യേക അവധി അനുവദിക്കാൻ വിദ്യാഭ്യാസ വകുപ്പു ഡയറക്ടറുടെ ഉത്തരവുണ്ട്.

51. വനസംബന്ധമായ പുസ്തകങ്ങൾക്കും രേഖകൾക്കും റഫറൻസ് സൗകര്യം ലഭ്യമാണോ ?

ലഭ്യമാണ്. വഴുതയ്ക്കാട്ടെ ഫോറസ്റ്റ് ആസ്ഥാനത്ത് സ്ഥിതിചെയ്യുന്ന ഫോറസ്റ്റ് സെൻട്രൽ ലൈബ്രറിയിൽ 16000-ത്തോളം പുസ്തകങ്ങൾ സൂക്ഷിച്ചിട്ടുണ്ട്. ഇവിടെ കുട്ടികൾക്കായി ഒരു പ്രത്യേക വിഭാഗംതന്നെ ഒരുക്കിയിരിക്കുന്നു. പൊതുജനങ്ങൾക്കും സൗജന്യ റഫറൻസ് സൗകര്യം ലഭ്യമാണ്.

വിശദവിവരങ്ങൾക്ക് ലൈബ്രേറിയനെ ബന്ധപ്പെടാവുന്നതാണ്.
(ഫോൺ നമ്പർ - 0471 - 2529357)

വനസംരക്ഷണത്തിന് നിയമത്തിന്റെ പിന്തുണ

വനം വന്യജീവി സംരക്ഷണത്തിനായുള്ള പ്രധാനപ്പെട്ട നിയമങ്ങളിലെയും ചട്ടങ്ങളിലെയും ചില വകുപ്പുകൾ ചുവടെ ചേക്കുന്നു. അവയ്ക്ക് വിരുദ്ധമായി പ്രവർത്തിച്ചാൽ താഴെപ്പറയും പ്രകാരമുള്ള ശിക്ഷാ നടപടികൾക്ക് വിധേയമാകേണ്ടി വരും.

1	**കുറ്റകൃത്യം**	**ശിക്ഷ**
1.	കാടിന് തീ വയ്ക്കുക,തീപിടിക്കുന്ന വസ്തുക്കൾ കാട്ടിലുപേക്ഷിക്കുക, അനധികൃതമായി റിസർവ്വിൽ നിന്നും കടത്തികൊണ്ടുവന്ന വനവിഭവം അറിഞ്ഞുകൊണ്ട് സ്വീകരിക്കുകയോ കൈവശം വയ്ക്കുകയോ ചെയ്യുക.	നാശനഷ്ടത്തിനുള്ള നഷ്ടപരിഹാര തുക ഈടാക്കുന്നതിനു പുറമേ ഒരു വർഷം മുതൽ അഞ്ചുവർഷം വരെ തടവുശിക്ഷയും1000 രൂപാ മുതൽ 5000 രൂപവരെ പിഴയും. (1000 രൂപയിൽ താഴെ സർക്കാരിന് നഷ്ടം വരുന്നതും ഗൗരവ സ്വഭാവമില്ലാത്തതുമായ കുറ്റം വകുപ്പുതലത്തിൽ തീർപ്പാക്കാൻ കഴിയും.)
2.	റിസർവ്വ് വനത്തിൽ നിൽക്കുന്നതോ വീണു കിടക്കുന്നതോ ആയ മരങ്ങൾ നശിപ്പിക്കുക/വെട്ടികടത്തുക/ കടത്താൻ ശ്രമിക്കുന്നതുവഴി കാടിന് നാശനഷ്ടമുണ്ടാക്കുക/ കൃഷി ചെയ്യുക/കൃഷിക്കായി തെളിക്കുക/കന്നുകാലിയെ തീറ്റുക/ അനധികൃതമായി പ്രവേശിക്കുകയോ മണലടക്കമുള്ള വനവിഭവങ്ങൾ കടത്തുകയോ ചെയ്യുക.	- Do -
3.	തടിയിലോ നിൽപ്പുമരങ്ങളിലോ വ്യാജമായി സർക്കാർ മുദ്ര പതിപ്പിക്കുന്നതും അതിർത്തിക്കല്ലുകൾ നീക്കുന്നതും നശിപ്പിക്കുന്നതും വികൃതമാക്കുന്നതും.	രണ്ട് വർഷം തടവോ, ആയിരം രൂപാവരെ പിഴയോ രണ്ടും ചേർന്ന ശിക്ഷയോ അനുഭവിക്കണം. (ഈ കുറ്റം നഷ്ടപരിഹാരം വാങ്ങി വകുപ്പ് തലത്തിൽ തീർപ്പാക്കാൻ കഴിയില്ല.)
4.	സർക്കാർ ഉടമസ്ഥതയിലുള്ള തടിയോ, വിറകോ, കരിയോ ആനക്കൊമ്പോ അനധികൃതമായി കടത്തികൊണ്ടു പോകുക.	കുറ്റകൃത്യത്തിന് ഉപയോഗിച്ച ഉപകരണങ്ങളും വാഹനങ്ങളും കണ്ടുകെട്ടുന്നതും ഒപ്പം കേരള വനനിയമം നിഷ്കർഷിക്കുന്ന ശിക്ഷ അനുഭവിക്കുകയും വേണം.
5.	972 -ലെ വന്യജീവി സംരക്ഷണ നിയമം സെക്ഷൻ 2 (16) -ലെ പട്ടിക ഒന്നിലും പട്ടിക രണ്ടിലെ ഭാഗം രണ്ടിലും ഉൾപ്പെടുത്തിയിരിക്കുന്ന വന്യജന്തുക്കളെ വേട്ടയാടുകയോ അവയുടെ ശരീരഭാഗങ്ങളുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ ചെയ്യുക, വന്യമൃഗ സങ്കേതത്തിന്റെയോ ദേശീയോദ്യാനത്തിന്റെയോ അതിരുകൾ വ്യത്യാസപ്പെടുത്തുക.	മൂന്ന് വർഷം മുതൽ ഏഴ് വർഷംവരെ തടവും ഒപ്പം പതിനായിരം രൂപയിൽ കുറയാത്ത പിഴയും. (കുറ്റം ആവർത്തിച്ചാൽ മേൽപ്പറഞ്ഞ തടവുശിക്ഷയ്ക്കൊപ്പം കുറഞ്ഞത് 25,000 രൂപ പിഴ ഒടുക്കണം)
6.	വന്യജീവി സംരക്ഷണ നിയമം പട്ടിക രണ്ടിലെ പാർട്ട് ഒന്നിലും, പട്ടിക മൂന്നിലും ഉൾപ്പെട്ട മൃഗങ്ങളെ വേട്ടയാടുകയോ അതുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങളിൽ ഏർപ്പെടുകയോ ചെയ്യുക (അദ്ധ്യായം 5 എ, സെക്ഷൻ 38 ഒഴികെ)	മൂന്ന് വർഷംവരെ തടവോ, 25000 രൂപാ പിഴയോ, രണ്ടുംചേർന്ന ശിക്ഷയോ അനുഭവിക്കണം.

7.	മൃഗങ്ങളെ സംരക്ഷിക്കുന്ന സ്ഥലം മലിനപ്പെടുത്തുക, മൃഗങ്ങളെ പീഡിപ്പിക്കുക, ദേഹോപദ്രവം ചെയ്യുക, ശല്യപ്പെടുത്തുക, ശബ്ദം ഉണ്ടാക്കി സ്വൈരം കെടുത്തുക തുടങ്ങിയ പ്രവൃത്തികൾ.	ആറ് മാസംവരെ തടവ് ശിക്ഷയോ 2000 രൂപ വരെ പിഴയോ രണ്ടും കൂടിയോ അനുഭവിക്കണം. (കുറ്റം ആവർത്തിച്ചാൽ ഒരു വർഷംവരെയുള്ള തടവോ 5000/- രൂപവരെയുള്ള പിഴ ശിക്ഷയോ രണ്ടുംചേർന്ന ശിക്ഷയോ അനുഭവിക്കണം.)
8.	1972-ലെ വന്യജീവി സംരക്ഷണ നിയമത്തിന്റെ അദ്ധ്യായം V A -ൽ പരാമർശിക്കുന്ന വന്യമൃഗങ്ങളുടെ സ്റ്റഫ് ചെയ്ത ട്രോഫികൾ, നഖം, തോൽ , ഇറച്ചി, മറ്റ് ശരീരഭാഗങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ	മൂന്ന് മുതൽ ഏഴുവർഷംവരെ തടവു ശിക്ഷയും, പതിനായിരം രൂപയിൽ കുറയാത്ത പിഴയും.